# പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ഡിസംബർ 29, ബുധൻ

നിയമസഭ രാവിലെ **8.30**-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

ശ്രദ്ധക്ഷണിക്കൽ

(1) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി

ശ്രീ. കെ.സി. ജോസഫ്: കേരളത്തിലെ പകുതിയിലേറെ നിയോജക മണ്ഡലങ്ങളും സമ്പൂർണ്ണമായി വൈദ്യൂതീകരിച്ചിട്ടും ഇരിക്കൂർ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയായിട്ടില്ല. അതിനുവേണ്ടി എം.എൽ.എ./എം.പി. ഫണ്ടുകൾ മാറ്റിവച്ചിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണത്തിനുവേണ്ടി പ്രഖ്യാപിച്ച ഒരു കോടി രൂപ എല്ലാമണ്ഡലങ്ങളിലും അനുവദിക്കണം. സമ്പൂണ്ണ വൈദ്യുതീകരണം നടപ്പാക്കുമ്പോൾ പിന്നോക്ക മണ്ഡലങ്ങൾക്ക് അർഹമായ പരിഗണന കൊടുക്കണം. ഇരിക്കൂർ, പേരാവൂർ തുടങ്ങിയ അവികസിത മണ്ഡലങ്ങളെ രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെടുത്തി ക്കൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം ത്വരിതപ്പെടുത്തണം. പദ്ധതിയുടെ

കാലതാമസം ഒഴിവാക്കുന്നതിന് സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് വിദഗ്ദ്ധമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം.

പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ.ബാലൻ): ഗ്രാമീണ വൈദ്യുതീകരണത്തിനുള്ള കേന്ദ്രസർക്കാർ പദ്ധതിയായ രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജനപ്രകാരം ഇന്ത്യയിലാകെ 562 ജില്ലകളിലായി 25000 കോടി രൂപയുടെ പ്രവൃത്തികളാണ് അനുവദിച്ചത്. 2005-ൽ സംസ്ഥാനത്തെ 14 ജില്ലകൾക്കുവേണ്ടി 438 കോടി രൂപയുടെ പദ്ധതി കേന്ദ്രസർക്കാരിന് സമർപ്പിച്ചുവെങ്കിലും ഇടുക്കി ജില്ലയുടെ പദ്ധതി മാത്രമാണ് അനുവദിക്കപ്പെട്ടത്. മറ്റ് ജില്ലകൾക്കുകൂടി പദ്ധതി അനുവദിക്കണമെന്ന് നിരന്തരമായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആറ് ജില്ലകൾക്കുകൂടിയുള്ള പദ്ധതി കഴിഞ്ഞ മാർച്ച് മാസത്തോടെ അനുവദിക്കുകയും 114.57 കോടി രൂപയുടെ പദ്ധതി അംഗീകരിക്കുകയും ചെയ്തു. ഇതിൽ കണ്ണൂർ ജില്ലയുടെ പദ്ധതിക്കായി 19.71 കോടി രൂപയും ലൈൻ നിർമ്മാണങ്ങൾക്കുവേണ്ടി 17.2 കോടി രൂപയും അനുവദിച്ച് പദ്ധതി ടെണ്ടർ ചെയ്തിട്ടുണ്ട്. കൽക്കത്ത കേന്ദ്രമായ കമ്പനി പദ്ധതിയുടെ കരാർ ഏറ്റെടുത്ത് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. കണ്ണൂർ ജില്ലയിലെ പത്ത് മണ്ഡലങ്ങളിൽ മൂന്ന് മണ്ഡലങ്ങൾ സമ്പൂർണ്ണമായി വൈദ്യുതീകരിച്ചിട്ടുണ്ട്. 20620 വൈദ്യുതി കണക്ഷനുകൾ ഇരിക്കൂർ മണ്ഡലത്തിൽ മാത്രമായി അനുവദിച്ചിട്ടുണ്ട്. വൈദ്യുതി മേഖലയിൽമാത്രം പ്രസ്തുത മണ്ഡലത്തിൽ 19 കോടിരൂപ ചെലവഴിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിക്കുമ്പോൾ ഇരിക്കൂർ മണ്ഡലത്തെ

ഒഴിവാക്കുകയില്ല. രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയുടെ മോണിറ്ററിംഗിനായി കെ.എസ്.ഇ.ബി.-യിലെ ഒരു ഡെപ്യൂട്ടി സി.ഇ.യെ ചുമതലപ്പെടുത്തുന്നതാണ്.

(2) <u>നിർമ്മാണമേഖല നേരിടുന്ന സ്തംഭനാവസ്ഥ</u>

<u>ശ്രീ. സി.കെ.പി. പത്മനാഭൻ:</u> കേരളത്തിലെ നിർമ്മാണമേഖലയിലെ സ്തംഭനാവസ്ഥ അടിയന്തിരമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. ലക്ഷക്കണക്കിന് തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുന്ന സ്ഥിതിവിശേഷമാണ് ചെറുകിട നിർമ്മാണമേഖലയിലെ സ്തംഭനംമൂലം ഉണ്ടാകുന്നത്. സർക്കാർ ഇക്കാര്യത്തിൽ നേരിട്ട് ഇടപെടണം. ക്വാറികളുടെ ലൈസൻസിനുവേണ്ടിയുള്ള ആയിരക്കണക്കിന് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കണം. പൊല്യൂഷൻ കൺട്രോൾ ബോർഡിന് കൊടുത്ത അപേക്ഷകളിന്മേൽ തീരുമാനമുണ്ടാകണം. അനധികൃതമായി സ്ഫോടകവസ്തു ഉപയോഗിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിച്ച് ക്വാറിയുടെ പ്രവർത്തനം സ്തംഭിപ്പിക്കാതെ ശ്രദ്ധിക്കണം. ഗവൺമെന്റ് മേഖലയിൽ പാറ ഖനനം ചെയ്യുന്നതിന് സഹകരണമേഖലകൾക്ക് പ്രാധാന്യം കൊടുക്കണം. മണലിന്റേയും പാറയുടേയും വില നിയന്ത്രിക്കാനുള്ള അധികാരം ഗവൺമെന്റിൽ നിക്ഷിപ്തമാക്കണം. ഖനനം ചെയ്ത മണലും പാറയും വാഹനങ്ങളിൽ കൊണ്ടുപോകുന്നതിനുള്ള അളവ് നിഷ്ക്കർഷിക്കണം. എർത്ത് ടാക്സ്, റെഡ് എർത്ത് ടാക്സ് എന്നിവ ഏകീകരിക്കണം. പിടിച്ചെടുക്കുന്ന വാഹനങ്ങൾ പോലീസ് സ്റ്റേഷനുകളിൽ കിടന്ന് നശിക്കാതിരിക്കാൻ നിശ്ചിത തുക പിഴ ഈടാക്കി തിരിച്ചുനൽകണം. നോക്കുകൂലി നിയന്ത്രിക്കണം. സിമന്റ് വില നിയന്ത്രിക്കണം. ഖനനം ചെയ്യുന്ന സാധനങ്ങൾ അന്യസംസ്ഥാനങ്ങളിൽ കൊണ്ടുപോകുന്നത് തടയണം. ഈ വിഷയ

വുമായി ബന്ധപ്പെട്ട് എം.എൽ.എ.-മാരെ ഉൾപ്പെടുത്തി മന്ത്രിതല റിവ്യൂ മീറ്റിംഗുകൾ സംഘടിപ്പിക്കണം. നിർമ്മാണമേഖല നേരിടുന്ന സ്തംഭനാവസ്ഥയും തൊഴിലില്ലായ്മയും പരിഹരിക്കുന്നതിന് എത്രയുംവേഗം ഏകജാലക സംവിധാനമേർപ്പെടുത്തണം. തൊഴിലാളി പ്രസ്ഥാനങ്ങൾ, ചെറുകിടക്കാർ തുടങ്ങിയവർക്ക് ഫോറസ്റ്റ് ഭൂമിയും പുറമ്പോക്ക് ഭൂമിയും ലീസിനു കൊടുത്ത് ഈ മേഖലയിലെ ചൂഷണം തടയാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സംസ്ഥാനത്തെ നിർമ്മാണ മേഖലയിൽ മണൽ, പാറ എന്നിവയുടെ ക്ഷാമംമൂലം ഉണ്ടായിട്ടുള്ള സ്തംഭനാവസ്ഥയും തൊഴിലില്ലായ്മയും പരിഹരിക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്ന കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം പുറപ്പെടുവിച്ച ജി.ഒ.-യുടെ ഭാഗമായി സംസ്ഥാനത്തെ നദികളിലും ഡാമുകളിലും നിന്ന് മണൽ ഖനനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ നിരവധി ഡാമുകളിൽ നിന്നും മണൽ ശേഖരിച്ച് വിപണനം ചെയ്തുവരുന്നു. ഭാവിയിൽ ഈ പദ്ധതി വ്യാപകമായി നടപ്പാക്കാൻ സാധിക്കുന്നതാണ്. മന്ത്രിമാർ, ചീഫ് സെക്രട്ടറി, വിവിധ വകുപ്പ് സെക്രട്ടറിമാർ എന്നിവർ ഉൾപ്പെട്ട ഉന്നതതല സമിതിയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ പാറക്ഷാമം തടയുന്നതിനും വികസന പ്രവർത്തനങ്ങൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കുമാവശ്യമായ കരിങ്കൽ പാറ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഹൈക്കോടതി വിധികൾക്കും നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും കേന്ദ്രമനുശാസിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കിക്കൊണ്ട് ഏകീകൃത സംവിധാനത്തിലൂടെ നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഫോറസ്റ്റ്

ഭൂമിയും പുറമ്പോക്കുഭൂമിയും തൊഴിലാളി സഹകരണസംഘങ്ങൾക്ക് ലീസിന് കൊടുക്കുന്നതു സംബന്ധിച്ച് ചർച്ചചെയ്ത് തീരുമാനമെടുക്കുന്നതാണ്.

**സബ്മിഷൻ**

(1) അപകടത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ധനസഹായം

ശ്രീ. സി.എം. ദിനേശ് മണി: 16-12-2010-ന് എറണാകുളം പാലാരിവട്ടം ബൈപ്പാസ് വാഹനാപകടത്തിൽ മരണമടഞ്ഞവരുടേയും പരിക്കേറ്റവരുടേയും കുടുംബാംഗങ്ങൾക്ക് അർഹമായ ധനസഹായം നൽകാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): എറണാകുളം ജില്ലയിൽ ബൈപ്പാസ് വാഹനാപകടത്തിൽ മരണപ്പെട്ട ആറു പേരുടെ കുടുംബാംഗങ്ങൾക്ക് മുപ്പതിനായിരം രൂപ വീതവും ചികിൽസയിൽ കഴിയുന്നവർക്ക് പതിനായിരം രൂപ വീതവും അടിയന്തിരമായി വിതരണം ചെയ്യുന്നതാണ്.

(2) പെൻഷനും ആനുകൂല്യങ്ങളും

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : അടിയന്തിരാവസ്ഥക്കാലത്ത് ജയിൽവാസം അനുഭവിച്ചവരെ രാഷ്ട്രീയത്തടവുകാരായി അംഗീകരിച്ച് സ്വാതന്ത്ര്യസമര സേനാനികൾക്ക് നൽകുന്നതുപോലെ പെൻഷനും മറ്റാനുകൂല്യങ്ങളും നൽകാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : അടിയന്തിരാവസ്ഥക്കാലത്ത് മിസാ, ഡി. ഐ. ആർ. നിയമപ്രകാരം ഏതാണ്ട് അയ്യായിരത്തിൽപ്പരം ആളുകൾ ജയിലിൽ കഴിഞ്ഞിട്ടുണ്ടെന്നാണ് പ്രാഥമിക കണക്കുകൾ തെളിയിക്കുന്നത്. അവരെ രാഷ്ട്രീയത്തടവുകാരായി അംഗീകരിച്ച്

സ്വാതന്ത്ര്യ സമരസേനാനികൾക്ക് നൽകുന്നതുപോലെ പെൻഷനും മറ്റാനുകൂല്യങ്ങളും നൽകി അംഗീകരിക്കണമെന്ന ആവശ്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(3) എൻഡോസൾഫാൻ ബാധിതർ

ശ്രീ. കെ. കുഞ്ഞിരാമൻ : കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിലേയും കയ്യൂർ-ചീമേനി, ഈസ്റ്റ് എളേരി, വെസ്റ്റ് എളേരി പഞ്ചായത്തിലേയും കണ്ണൂർ ജില്ലയിലെ കാങ്കോൽ-ആലപ്പടമ്പ്, പെരിങ്ങോം-വയക്കര, എന്നീ പഞ്ചായത്തുകളിലേയും എൻഡോസൾഫാൻ ബാധിതർക്ക് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി ചികിത്സയും പുനരധിവാസവും ഏർപ്പെടുത്തണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : ആരോഗ്യ വകുപ്പ് നടത്തിയ സർവ്വേ അനുസരിച്ച് കാസർഗോഡ് ജില്ലയിലെ പതിനൊന്ന് പഞ്ചായത്തുകളിൽ കണ്ടെത്തിയിട്ടുള്ള എൻഡോസൾഫാൻ ദുരിതബാധിതരെ പുനരധിവസിപ്പിക്കുന്നതിനും ചികിത്സിക്കുന്നതിനും പെൻഷൻ പദ്ധതിയും സ്പെഷ്യൽ പാക്കേജും ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. കൂടുതൽ പ്രദേശങ്ങളിൽ എൻഡോസൾഫാൻ ദുരിതബാധിതരുണ്ടെന്ന് കണ്ടെത്തുന്നപക്ഷം അവരെക്കൂടി പെൻഷൻ പദ്ധതിയിലും സ്പെഷ്യൽ പാക്കേജിലും ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

(4) സ്വകാര്യ വാഹനം ഓടിച്ചുകയറിയ സംഭവം

ശ്രീ. കെ. ബാബു : 2010 ഡിസംബർ മാസം 25-ാം തീയതി തൃശൂർ സന്ദർശനവേളയിൽ പ്രധാനമന്ത്രിയുടെ വാഹനവ്യൂഹത്തിലേയ്ക്ക് സ്വകാര്യ

വാഹനം ഇടിച്ചുകയറിയ സംഭവത്തെ സംബന്ധിച്ച് അന്വേഷിച്ച് സുരക്ഷയിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 25-12-2010-ന് കെ. കരുണാകരന് ആദരാഞ്ജലി അർപ്പിക്കാൻ വേണ്ടിയുള്ള ഇൻഡ്യൻ പ്രധാനമന്ത്രി ശ്രീ. മൻമോഹൻ സിംഗിന്റെ തൃശൂർ സന്ദർശനവേളയിൽ അദ്ദേഹത്തിന്റെ സുരക്ഷയ്ക്ക് ഭീഷണിയായ യാതൊരു സംഭവവും ഉണ്ടായിട്ടില്ല. അദ്ദേഹത്തിന്റെ വാഹനവ്യൂഹത്തിലേയ്ക്ക് സ്വകാര്യവാഹനം ഓടിച്ചുകയറി എന്ന വാർത്ത ശരിയല്ല. വാഹനവ്യൂഹം പൈലറ്റിന് പുറകിലായിരുന്നു. തൃശൂരിലെ ഹെലിപ്പാഡിൽനിന്നും ടൗൺ ഹാളിലേയ്ക്ക് പോകുന്ന വഴി എൻ. എച്ച്. ബൈപ്പാസ് ജംഗ്ഷനിലുള്ള നടത്തറ ജംഗ്ഷന് അടുത്തെത്തിയപ്പോൾ എതിർദിശയിൽ വാഹനം വരുന്നത് പൈലറ്റ് ഓഫീസർ കണ്ടയുടൻ പ്രസ്തുത വാഹനത്തെ റോഡിന്റെ വശത്തേയ്ക്ക് മാറ്റിയിടാൻ നിർദ്ദേശം കൊടുത്തു. നിലവിലുള്ള നിർദ്ദേശപ്രകാരം എടുക്കേണ്ട നടപടി പൈലറ്റ് ഓഫീസർ കൈക്കൊള്ളുകയാണുണ്ടായത്. ഇത്തരത്തിലുള്ള വാർത്ത വരാനുണ്ടായ സാഹചര്യമെന്താണെന്ന് ഗവൺമെന്റ് ഗൗരവമായി പരിശോധിക്കാം.

(5) പാറ ഖനനം

ശ്രീ. വി. ജെ. തങ്കപ്പൻ: നെയ്യാറ്റിൻകര വെള്ളറട വില്ലേജിൽ സർക്കാരിന്റെ സ്ഥലം കയ്യേറി നടത്തുന്ന പാറ ഖനനം അവസാനിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): വെള്ളറട വില്ലേജിലെ സർക്കാർ സ്ഥലത്ത് പാറ പൊട്ടിക്കാനും ക്രഷർ യൂണിറ്റ് സ്ഥാപിക്കാനുമുള്ള അനുമതിക്കായി കമ്പനി അപേക്ഷിച്ചിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. വിവിധ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും ക്രമസമാധാന പ്രശ്നങ്ങൾക്കും സാധ്യതയുള്ളതിനാൽ ഈ ക്രഷർ യൂണിറ്റ് തുടങ്ങുന്നതിനെതിരായി നാട്ടുകാർ ആക്ഷൻ കൗൺസിൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നതായി റിപ്പോർട്ടുണ്ട്. ക്രഷർ യൂണിറ്റിന് അനുമതി നൽകിയിട്ടില്ല. അനധികൃത ഖന നത്തിനെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതുസംബന്ധിച്ച് അന്വേഷിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകുന്ന താണ്.

(6) മായം ചേർന്ന ഭക്ഷ്യവസ്തുക്കളുടെ ഇറക്കുമതി

ശ്രീ. കോവൂർ കുഞ്ഞുമോൻ: മാരകമായ കീടനാശിനികളടങ്ങിയ ഭക്ഷ്യവസ്തുക്കൾ അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നത് തടയുന്നതിന് കർശന നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): 85 ശതമാനം സാധനങ്ങളും അയൽ സംസ്ഥാനങ്ങ ളിൽ നിന്ന് ഇറക്കുമതിചെയ്തും കുത്തക കമ്പനികളിൽ നിന്ന് വാങ്ങിയും ഉപയോഗിക്കുന്നതുകൊണ്ട് ഗുണനിലവാരത്തെക്കുറിച്ച് നിരന്തരം പരിശോധന നടത്തുന്നുണ്ട്. എഫ്.സി.ഐ.-യിൽ നിന്നും റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളിൽ ഹാനികരമായ ഘടകങ്ങൾ ചേർന്നിട്ടില്ല എന്ന് ഉറപ്പുവരുത്തുന്നതിനും സംശയകരമായ ഭക്ഷ്യവസ്തു ക്കൾ എഫ്.സി.ഐ.-യിൽ നിന്ന് ഏറ്റെടുക്കാൻ പാടില്ല എന്നും കർശന

നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശോധനയിൽ മായം ചേർത്തതോ ഹാനികര മായ രാസവസ്തുക്കൾ അടങ്ങിയതോ ആയ ഭക്ഷണ സാധനങ്ങൾ വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അവ കസ്റ്റഡിയിലെടുത്ത് ആരോഗ്യവകുപ്പ് ശിക്ഷാനടപടികൾ സ്വീകരിക്കുന്നുണ്ട്.

(7) പുറമ്പോക്ക്-മിച്ചഭൂമി പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് പട്ടയം

ശ്രീ. സി.ടി. അഹമ്മദ് അലി: കാസർഗോഡ് ജില്ലയിലെ പുറമ്പോക്ക്-മിച്ചഭൂമി പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സംസ്ഥാനത്ത് കടലോര പ്രദേശത്ത് ഉൾപ്പെടെ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് ഭൂമിയുടെ പട്ടയം, നിയമപരമായ സംരക്ഷണം ഇവ കൊടുക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്ത്രാജ് ആക്ട് അനുസരിച്ച് ഇതിൽ ചില നടപടിക്രമങ്ങളുടെ പ്രശ്നമുണ്ട്. കടലോരത്ത് താമസിക്കുന്നവർക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. കാസർഗോഡ് ജില്ലയിൽ 773 കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ പൂർത്തി യാക്കിയിട്ടുണ്ട്. കാസർഗോഡ് ജില്ലയെ സംസ്ഥാനത്തെ ഭൂ രഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിക്കണമെന്നാണ് ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ളത്.

(8) വന്യമൃഗ സങ്കേതമായി പ്രഖ്യാപിക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ.കെ.സി.കുഞ്ഞിരാമൻ: വടക്കേവയനാട് നിയോജക മണ്ഡല ത്തിൽപ്പെട്ട തിരുനെല്ലി പഞ്ചായത്തിലെ ജനവാസ കേന്ദ്രങ്ങൾ ഉൾപ്പെടുന്ന പ്രദേശം വന്യമൃഗസങ്കേതമായി പ്രഖ്യാപിക്കുന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കണം. ആദിവാസി കോളനികൾ സംരക്ഷിക്കു

ന്നതോടൊപ്പം തദ്ദേശവാസികളുടെ സ്വത്തിനും സംരക്ഷണം നൽകണം. പ്രസിദ്ധമായ തിരുനെല്ലി ക്ഷേത്രവും കർണ്ണാടക സംസ്ഥാനവുമായി ബന്ധപ്പെട്ട് കിടക്കുന്ന റോഡും നാണ്യവിളകളും നെൽവയലും നിലനിർത്തുന്നതിന് നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): 2010 നവംബർ 30-ന് കൂടിയ വൈൽഡ് ലൈഫ് ബോർഡ് യോഗം ശുപാർശ ചെയ്ത മൂന്ന് വൈൽഡ് ലൈഫ് സാങ്ച്വറികൾ ആരംഭിക്കുമ്പോൾ ജനങ്ങൾക്കും കൃഷിക്കാർക്കുമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിച്ച് അവരുടെ താത്പര്യം സംരക്ഷിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ആദിവാസി കുടുംബങ്ങളേയും കൃഷിക്കാരേയും ബാധിക്കാത്ത വിധത്തിൽ അവരുടെ ആശങ്ക പരിഹരിച്ച് മാത്രമേ മുന്നോട്ടുപോകാവൂ എന്ന് എം.എൽ.എ.-മാരുടേയും പഞ്ചായത്ത് പ്രസിഡന്റുമാരുടേയും വൈൽഡ് ലൈഫ് ബോർഡിന്റേയും യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(9) ഒരു വീട്ടുനമ്പരിൽ വ്യത്യസ്ത റേഷൻ കാർഡുകൾ

ശ്രീ. പി. എം. എ. സലാം: കോഴിക്കോട് തെക്കേപുറത്ത് തറവാട് വീടുകളിൽ ഒരു വീട്ടുനമ്പരിൽ വേവ്വേറെ റേഷൻ കാർഡ് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): കോഴിക്കോട് തറവാട് വീടുകളിൽ വ്യത്യസ്ത കുടുംബങ്ങളായി താമസിക്കുന്നവർക്ക് പ്രത്യേകം റേഷൻ കാർഡുകൾ അനുവദിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെങ്കിലും അവരെ പ്രത്യേകം കുടുംബമായി പരിഗണിച്ച് റേഷനിംഗ് ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം

അന്വേഷണവിധേയമായി പ്രത്യേകം റേഷൻ കാർഡുകൾ അനുവദിക്കുന്നതാണ്.

(10) <u>ഉരുൾപൊട്ടലുണ്ടായ സ്ഥലങ്ങളിൽ നഷ്ടപരിഹാരം</u>

<u>ശ്രീ. രാജു എബ്രഹാം</u>: 2010 നവംബർ മാസമുണ്ടായ കാലവർഷത്തിൽ റാന്നി നിയോജകമണ്ഡലത്തിലെ 20 സ്ഥലങ്ങളിലുണ്ടായ ഉരുൾപൊട്ടലിൽ 15 കോടിയോളം രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. പ്രസ്തുത വിഷയത്തിൽ സർക്കാർ അടിയന്തിരമായി ഇടപെടുകയും പ്രത്യേക പാക്കേജുണ്ടാക്കി ധനസഹായം നൽകുകയും ചെയ്യണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u>): പ്രകൃതിക്ഷോഭംമൂലം സംസ്ഥാനത്ത് പി.ഡബ്ലിയു.ഡി. റോഡുകൾക്കുപുറമേ 940.5 കിലോമീറ്റർ ഗ്രാമീണ റോഡുകളും തകർന്നിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് 10 കോടി രൂപയുടെ ധനസഹായം നൽകുന്നതിന് മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ട്. ലഭ്യമായ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ പൂർണ്ണമായ നഷ്ടപരിഹാരം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ ചെയ്യാൻ കഴിയുന്ന ധനസഹായം ചെയ്യാനും കൂടുതൽ കേന്ദ്രസഹായം 2011 ജനുവരി മാസത്തിൽ കേരളം സന്ദർശിക്കുന്ന കേന്ദ്ര സംഘത്തിനോട് അഭ്യർത്ഥിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(11) <u>കീടനാശിനികളുടെ നിരോധനം</u>

<u>ശ്രീ. കെ. വി. കുഞ്ഞിരാമൻ</u>: കാസർഗോഡ് ജില്ലയെ ഒരു കീടനാശിനി വിമുക്ത ജില്ലയായി മാറ്റുന്നതിനുവേണ്ടി red, yellow ലേബലുകളിലുള്ള കീടനാശിനികൾ ഉപയോഗിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. ഈ ഗണത്തിൽപ്പെടുന്ന കോപ്പർ സൾഫേറ്റ് (തുരിശ്) എന്ന കീടിനാശിനി കവുങ്ങ്

കൃഷിക്കുണ്ടാകുന്ന മാരകരോഗത്തിന് പ്രതിവിധിയായി ഉപയോഗിക്കുന്നതും അധികം പാർശ്വഫലങ്ങൾ ഇല്ലാത്തതും പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കാത്തതുമാണ്. ഏറ്റവുമധികം കവുങ്ങ് കൃഷിയുള്ള കാസർഗോഡ് ജില്ലയിൽ തുരിശിന്റെ നിരോധനം എടുത്തുകളഞ്ഞ് കവുങ്ങ് കൃഷിക്കും ചെറുകിട വിളകൾക്കും ഉപയോഗിക്കാനാവശ്യമായ അനുമതി നൽകണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): എൻഡോ സൾഫാന്റെ ഉപയോഗംമൂലം കാസർഗോഡ് ജില്ലയിലെ ജനങ്ങൾക്കുണ്ടായി രിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ കണക്കിലെടുത്തും ജൈവകൃഷി നയം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായും വിഷാംശം കൂടിയ കടുംചുമപ്പും കടുംമഞ്ഞയും നിറങ്ങളിലുള്ള ലേബലുകളിൽ വിൽക്കുന്ന രാസകീടനാശിനികളുടെ ഉല്പാദനവും വിതരണവും ഉപയാഗവും കാസർഗോഡ് ജില്ലയിൽ നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കീടനാശിനിയല്ലാത്ത തുരിശ് മഞ്ഞ നിറത്തിലുള്ള ലേബലിൽ പായ്ക്ക് ചെയ്തുവരുന്നതിനാൽ നിരോധനത്തിൽപ്പെട്ടിട്ടുണ്ട്. കവുങ്ങ് കൃഷിക്കും മറ്റും ചുണ്ണാമ്പ് ചേർത്ത് കുമിൾ നാശിനിയായി ഉപയോഗിക്കുന്നതിനാൽ കാസർഗോഡ് ജില്ലയിലെ കർഷകരുടെ ആവശ്യം പരിഗണിച്ച് തുരിശിനെ നിരോധനത്തിൽ നിന്ന് ഒഴിവാക്കുന്ന കാര്യം അടിയന്തിര പ്രാധാന്യത്തോടെ പരിഗണിക്കുന്നതാണ്.

(12) വനയോര മേഖലയിലെ പട്ടയവിതരണം

ശ്രീ. റോഷി അഗസ്റ്റിൻ: ഇടുക്കി ജില്ലയിൽ പട്ടയത്തിന് അപേക്ഷ നൽകിയ കർഷക കുടുംബങ്ങൾക്ക് 2011-ൽത്തന്നെ പട്ടയം നൽകുന്ന തിനുള്ള നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 01-01-77-നുമുമ്പ് വന ഭൂമിയിൽ കുടിയേറിയവർക്ക് 1993-ലെ കേരള ഭൂ നിയമത്തിലെ പ്രത്യേക ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഡിസംബർ 1 മുതൽ 7 വരെ 45000-ത്തോളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 2011 ജനുവരി മാസം 31-നകം എല്ലാ അർഹത പ്പെട്ടവർക്കും പട്ടയം നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(13) ദുരന്തനിവാരണ അതോറിറ്റിയുടെ കാര്യക്ഷമത

ശ്രീ. വി. ശിവൻകുട്ടി: അപ്രതീക്ഷിതമായുണ്ടായ പേമാരിയിൽ തിരുവന ന്തപുരത്ത് ഏതാനും റോഡുകളും വീടുകളും തകർന്നതിന്റെ ഫലമായി 100 കോടിയിലധികം രൂപയുടെ നാശനഷ്ടമുണ്ടായിരിക്കുകയാണ്. പ്രകൃതി ദുരന്തങ്ങളെ നേരിടുന്നതിനും ദുരന്തബാധിതരെ രക്ഷിക്കുന്നതിനുംവേണ്ടി രൂപീകരിച്ചിട്ടുള്ള ദുരന്ത നിവാരണ അതോറിറ്റിയിൽ ആധുനിക സജ്ജീകരണ ങ്ങളൊരുക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): തിരുവനന്തപുരത്ത് അപ്രതീക്ഷിതമായുണ്ടായ മഴയിൽ ദുരിതബാധിതരായവർക്കുവേണ്ടി ക്യാമ്പുകൾ ആരംഭിക്കുന്നതിനും ഭക്ഷ്യസാധനങ്ങൾ എത്തിക്കുന്നതിനും വെള്ളം പമ്പുചെയ്ത് മാറ്റുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ വില്ലേജ് അടിസ്ഥാനത്തിൽ എല്ലാ സന്നദ്ധ സംഘ ടനകളേയും ഉൾപ്പെടുത്തി ഒരു യുവകർമ്മ സേന രൂപീകരിക്കാൻ തീരുമാനി ച്ചിട്ടുണ്ട്. ഫയർഫോഴ്സിനെ കുറച്ചുകൂടി സ്ട്രെങ്തെൻ ചെയ്യുന്നതിന് കഴിഞ്ഞ വർഷം അനുവദിച്ച 10 കോടി രൂപയ്ക്ക് പുറമേ 10 കോടി രൂപകൂടി കഴിഞ്ഞയാഴ്ച അനുവദിച്ചിട്ടുണ്ട്. ഏറ്റവും എളുപ്പത്തിൽ പ്രകൃതി ദുരന്ത

ങ്ങൾ നേരിടുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് മുൻഗണന നൽകണമെന്ന് ഫയർഫോഴ്സിന് നിർദ്ദേശം കൊടുക്കുന്നതാണ്.

(14) കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

ശ്രീ. ബി. ബാബു പ്രസാദ് : ഹരിപ്പാട് നിയോജകമണ്ഡലത്തിലെ കാർത്തികപ്പിള്ളി പഞ്ചായത്തിലെ പുളിക്കീഴ് ട്യൂബ് വെൽ പ്രവർത്തനക്ഷമമാക്കിയും തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പൂർത്തിയായിക്കിടക്കുന്ന ട്യൂബ്വെൽ കമ്മീഷൻ ചെയ്തും ഈ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമത്തിന് പരിഹാരമുണ്ടാക്കണം. പഴകി ദ്രവിച്ച പൈപ്പ് മാറ്റാൻ എം.എൽ.എ ഫണ്ടിൽനിന്നുള്ള 78500 രൂപയുടെ ഭരണാനുമതിയിന്മേൽ അനന്തര നടപടി സ്വീകരിക്കാൻ തയ്യാറാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : കാർത്തികപ്പിള്ളി പഞ്ചായത്തിലെ പുളിക്കീഴ് പമ്പ് ഹൗസിലെ കേടായ ട്യൂബ് വെൽ പുനരുദ്ധരിച്ച് പുതിയ കുഴൽകിണർ സ്ഥാപിച്ച് കുടിവെള്ള പ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതിനായി 8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. എൻ.സി.പി.സി പദ്ധതിയിൽ ഉൾപ്പെടുത്തി തൃക്കുന്നപ്പുഴ പഞ്ചായത്തിലെ എസ്.എൻ നഗറിൽ സ്ഥാപിച്ചിട്ടുള്ള കുഴൽക്കിണർ പമ്പ് ഹൗസ് പണിത് കമ്മീഷൻ ചെയ്യുന്നതിലേയ്ക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചു. ഇതിനായി പഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെടുകയും കുഴൽക്കിണർ പ്രവർത്തനസജ്ജമാക്കുന്നതിന് വേണ്ടി താൽക്കാലിക പമ്പ് ഹൗസ് പണിയുന്നതിനുള്ള സാദ്ധ്യതകൾ ആരായുകയും ചെയ്തിട്ടുണ്ട്. തൃക്കുന്നപ്പുഴ പഞ്ചായത്തിലെ കിഴക്കേക്കരയിലെ എല്ലാ വാർഡുകളിലും തൃക്കുന്നപ്പുഴ ജംഗ്ഷനിൽ സ്ഥിതി

ചെയ്യുന്ന ടാങ്കിൽനിന്ന് ഇപ്പോൾ ഭാഗികമായി ജലം ലഭിക്കുന്നുണ്ട്. ഈ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പൂർണ്ണമായി പരിഹരിക്കുന്നതിനായി എസ്.എൻ. നഗറിൽ കുഴിച്ചിരിക്കുന്ന കുഴൽക്കിണർ പ്രവർത്തനക്ഷമമാക്കാനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്. എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് അനുവദിച്ച 78500 രൂപയുടെ എസ്റ്റിമേറ്റിനുള്ള ജില്ലാകളക്ടറുടെ ഭരണാനുമതി 14-12-2010-നാണ് കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ചത്. അതുപ്രകാരമുള്ള വർക്ക് ടെണ്ടർ ചെയ്ത് പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(15) ഫൈൻ ആർട്ട്സ് കോളേജുകളിൽ ലക്ചറർമാരെ നിയമിക്കാൻ നടപടി

ശ്രീ. കെ. കെ. ദിവാകരൻ : സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള തൃശ്ശൂർ, മാവേലിക്കര ഫൈൻ ആർട്ട്സ് കോളേജുകളിൽ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് ലക്ചറർമാരെ നിയമിച്ച് ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : തൃശൂർ, മാവേലിക്കര ഫൈൻ ആർട്ട്സ് കോളേജുകളിൽ ഒഴിവുള്ള പ്രൊഫസർ, ലക്ചറർ ഉൾപ്പെടെയുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് 30-11-2010-ൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള നിർദ്ദേശം പരിശോധിച്ച് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്.

(16) ഒറ്റപ്പാലം താലൂക്കിലെ റേഷൻ കാർഡ് വിതരണം

ശ്രീ. ടി.പി. കുഞ്ഞുണ്ണി : പ്രത്യേക അദാലത്ത് സംഘടിപ്പിച്ച് ഒറ്റപ്പാലം താലൂക്കിലെ പുതുക്കിയ റേഷൻ കാർഡ് വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : ഒറ്റപ്പാലം താലൂക്കിലെ റേഷൻ കാർഡുകൾ പുതുക്കി നൽകുന്നില്ലെന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അവശേഷിക്കുന്ന അപേക്ഷകളിന്മേൽ തീരുമാനമെടുത്ത് സമയബന്ധിതമായി തീർക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകുന്നതാണ്.

(17) സ്വകാര്യ കോളേജുകളിലെ അനദ്ധ്യാപകരുടെ തസ്തിക പുനർനിർണ്ണയിക്കാൻ നടപടി

ശ്രീ. എം. മുരളി : പ്രീഡിഗ്രി വേർപ്പെടുത്തിയതിനുശേഷം കേരളത്തിലെ സ്വകാര്യ കോളേജുകളിലെ അനദ്ധ്യാപകരുടെ സ്റ്റാഫ് പാറ്റേണിന്റെ തുല്യത നഷ്ടപ്പെട്ടിരിക്കുന്ന സാഹചര്യവും സ്വകാര്യകോളേജുകളിലെ അനദ്ധ്യാപകരുടെ വർദ്ധിച്ച ജോലിഭാരവും കണക്കിലെടുത്ത് ഗവൺമെന്റ് കോളേജുകൾക്ക് തുല്യമായ പാരിറ്റി ഇവിടെ നടപ്പിലാക്കാനും അനദ്ധ്യാപകരുടെ തസ്തിക പുനർനിർണ്ണയിക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : സ്വകാര്യകോളേജുകളിലെ അദ്ധ്യാപകരുടെ തസ്തികകൾ സംബന്ധിച്ച് തീരുമാനമെടുത്ത അതേ രീതിയിൽ അനദ്ധ്യാപകരുടെ കാര്യത്തിലും തീരുമാനമെടുത്ത് നടപ്പാക്കുന്നതാണ്.

(18) പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക സർവ്വേ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സംസ്ഥാനത്തെ പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ പിന്നോക്കാവസ്ഥ വിലയിരുത്തുന്നതിന് പത്ത് വർഷത്തിലൊരിക്കൽ നടത്തേണ്ട സർവ്വേ വിവിധ വകുപ്പുകൾ തമ്മിലുണ്ടായ തർക്കത്തെത്തുടർന്ന് നടക്കാത്ത സാഹചര്യത്തിൽ സംസ്ഥാനത്തെ എഴുപത് ശതമാനത്തോളം വരുന്ന എൺപതോളം ജാതിയിൽപ്പെട്ടവർക്ക് കഴിഞ്ഞ നാലുവർഷമായി ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ട ഗുരുതരമായ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : 1993-ൽ സർവ്വേ നടത്താൻ പിന്നോക്ക വിഭാഗ കമ്മീഷൻ ആവശ്യപ്പെടുകയും 20-02-95-ൽ സർക്കാർ ഉത്തരവ് ഇറക്കുകയും ചെയ്തെങ്കിലും 13-12-95-ന് അന്നത്തെ സർക്കാർ സർവ്വേ നിർത്തിവയ്ക്കുകയും ഇതിനായി തയ്യാറാക്കിയ ചോദ്യോവലിയിലുണ്ടായ തർക്കങ്ങളെത്തുടർന്ന് 15-09-98-ൽ സർവ്വേ ഉപക്ഷിക്കുകയുമാണുണ്ടായത്. നിയമം നിലവിൽ വന്ന് പത്തുവർഷത്തിനുശേഷം 29-04-2004-ലും 02-12-2004-ലും പിന്നോക്ക വിഭാഗ കമ്മീഷൻ കത്തുകൾ നൽകിയെങ്കിലും നടപടിയുണ്ടാകാതിരുന്നതിനെത്തുടർന്ന് ഈ സർക്കാർ അധികാരത്തിൽവന്നപ്പോൾ നിയമം അനുശാസിക്കുന്നതനുസരിച്ച് സാമൂഹിക-സാമ്പത്തിക സർവ്വേ നടത്തുന്നതിനായി നടപടികൾ സ്വീകരിക്കുകയും 13-04-2007-ന് ഉത്തരവ് പുറപ്പെടുവിച്ച് ധനകാര്യ വകുപ്പിനെ ചുമലപ്പെടുത്തുകയും ചെയ്തു. അതനുസരിച്ച് ഇക്കണോമിക്സ് ആന്റ് സ്റ്റാസ്റ്റിക്സ് വകുപ്പ് 10.90 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുമുണ്ട്. സർവ്വേ നടത്തുന്നതിനാവശ്യമായ തുക 2010-11

സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും അതുസംബന്ധിച്ച് തീരുമാനമുണ്ടായിട്ടില്ല. 2011-12 സാമ്പത്തികവർഷത്തെ പദ്ധതിയിൽ ഇതിനുള്ള തുക അനുവദിക്കുന്നതിനായി സംസ്ഥാന പ്ലാനിംഗ് ബോർഡിനോട് ആവശ്യപ്പെടുകയുണ്ടായി. പ്ലാനിംഗ് ബോർഡ് വാർഷികപദ്ധതിയുടെ അന്തിമ ചർച്ചയിൽ, കേന്ദ്ര പ്ലാനിംഗ് കമ്മീഷനുമായി ചർച്ച നടത്തി സർവ്വേയ്ക്കാവശ്യമായ ഫണ്ട് അടുത്ത ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച് പണം ലഭ്യമാകുന്ന മുറയ്ക്ക് സർവ്വേ ആരംഭിക്കുന്നതാണ്.

(19) <u>കർഷകന് ഭൂമി ലഭ്യമാക്കാൻ നടപടി</u>

<u>ശ്രീ. പി. കൃഷ്ണപ്രസാദ്</u> : നിയമപരമായി അർഹതപ്പെട്ട കൃഷിഭൂമി നഷ്ടപ്പെട്ട കുടുംബത്തിന് ഭൂമി വിട്ടുകൊടുക്കാൻ ഹൈക്കോടതിയുടെ എതിർപ്പുമൂലം സാധിക്കാത്തതിനാൽ അഫിഡവിറ്റ് മുഖേന കോടതിയെ കാര്യങ്ങൾ ബോധ്യപ്പെടുത്തി പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ബിനോയ് വിശ്വം):</u> 1971-ലെ കേരള സ്വകാര്യ വനം നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും നിയമത്തിലെ സെക്ഷൻ 3 പ്രകാരവും മറ്റെല്ലാ രേഖകൾ അനുസരിച്ചും പ്രസ്തുത ഭൂമി നിക്ഷിപ്ത വനഭൂമിയാണെന്നാണ് പറയുന്നത്. ശ്രീ. ജോർജ് കാഞ്ഞിരത്തിനാൽ എന്ന കർഷകൻ 1985-ൽ ട്രൈബ്യൂണലിലും ഹൈക്കോടതിയിലും ഇതിനെ ചോദ്യം ചെയ്തെങ്കിലും അയാളുടെ വാദം തള്ളുകയാണുണ്ടായത്. മാനുഷികമായ പരിഗണന വച്ചുകൊണ്ട് പ്രസ്തുത വിഷയം മന്ത്രിസഭ പരിഗണിക്കുകയും നിലവിൽ വനഭൂമിയായതുകൊണ്ട് ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി ശ്രമിച്ചുകൊണ്ടിരി

ക്കുകയുമാണ്. പ്രസ്തുത കേസ് നടന്നുവരുന്നതിനിടയിലാണ് നോട്ടിഫിക്കേഷനെക്കുറിച്ച് ചോദ്യം ഉയരുകയും ഗവൺമെന്റിൽ തെറ്റായ വിവരം തന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കുകയും ചെയ്തിട്ടുള്ളത്. പ്രസ്തുത പ്രശ്നത്തിന് പരിഹാരം ഉണ്ടാകണമെങ്കിൽ ഹൈക്കോടതിയുടെ വിധിക്കെതിരെ തീരുമാനമുണ്ടാകേണ്ടതുണ്ട്.

(20) അടയ്ക്കാകർഷകർക്ക് ധനസഹായം

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : വിലത്തകർച്ചമൂലം ദുരിതമനുഭവിക്കുന്ന അർഹതപ്പെട്ട അടയ്ക്കാ കർഷകർക്ക് 2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതി അർഹതപ്പെട്ട അടയ്ക്കാ കർഷകർക്ക് ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെങ്കിലും ആദ്യഘട്ടമെന്ന നിലയിൽ കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ബഡ്ജറ്റ് വഴി ലഭ്യമാകുന്ന അധിക തുകയ്ക്ക് അനുസൃതമായി മറ്റ് ജില്ലകളിലേയ്ക്ക് പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർക്കുവേണ്ടി കൃഷി വകുപ്പ് പദ്ധതി തയ്യാറാക്കുകയും അടയ്ക്കാ കൃഷിയെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന നാലുഹെക്ടർ വരെ ഭൂമിയുള്ള കൃഷിക്കാർക്ക് അടയ്ക്കാമരം ഒന്നിന് പത്ത് രൂപ നിരക്കിൽ ധനസഹായം നൽകാനുമാണ് വിഭാവന ചെയ്തിട്ടുള്ളത്. പദ്ധതിയുടെ വിശദാംശങ്ങൾ ധനകാര്യ-ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പുകളുമായി കൂടിയാലോചിച്ച് എത്രയുംവേഗം നടപ്പിലാക്കുന്നതാണ്.

(21) പാങ്ങോട് പോലീസ് സ്റ്റേഷൻ ചരിത്രസ്മാരകമാക്കാൻ നടപടി.

ശ്രീമതി ജെ. അരുന്ധതി : സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി നടന്ന പല സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ച പാങ്ങോട് പോലീസ് സ്റ്റേഷനെ ചരിത്രസ്മാരകമായി നിലനിർത്താൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ ബേബി) : ഇക്കാര്യം സർക്കാർ അനുകൂലമായി പരിഗണിക്കുന്നതാണ്.

(22) അദ്ധ്യാപക തസ്തിക

ശ്രീ.കെ.പി. മോഹനൻ : സംരക്ഷിതാദ്ധ്യാപകർ ഇല്ലാത്തതുകൊണ്ട് ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ അദ്ധ്യാപകരെ നിയമിക്കണം. അൺ-ഇക്കണോമിക് വിദ്യാലയങ്ങളാണെങ്കിലും ഗവൺമെന്റ് സ്കൂളുകളിൽ തസ്തികയ്ക്ക് അംഗീകാരം നൽകുന്നുണ്ട്. എയ്ഡഡ് സ്കൂളുകളിലാണ് തസ്തികയ്ക്ക് അംഗീകാരമില്ലാത്തത്. ഈ അദ്ധ്യാപകർ സർക്കാർ പറയുന്ന എല്ലാ ഡ്യൂട്ടികളും ചെയ്യുന്നുണ്ട്. അവരെ അംഗീകരിച്ചിട്ടുണ്ട്. പക്ഷെ അദ്ധ്യാപകരായി അംഗീകരിച്ചിട്ടില്ല. അതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ ബേബി): ഇവരെ സ്ഥിരപ്പെടുത്താനുള്ള തീരുമാനം പ്രഖ്യാപിക്കാൻ സർക്കാരിന് സാധ്യമല്ലാത്തതുകൊണ്ട് ജീവകാരുണ്യപരമായുള്ള പ്രശ്നമെന്ന നിലയിൽ പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

(23) എയർപോർട്ട്-സീ പോർട്ട് റോഡ് നിർമ്മാണം

ശ്രീ. എ.എം. യൂസഫ്: എറണാകുളം ജില്ലയിലെ എയർപോർട്ട്-സീ പോർട്ട് റോഡിനുവേണ്ടി ഏറ്റെടുത്ത സ്ഥലം പ്രയോജനപ്പെടുത്തി പണി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ): എറണാകുളം ജില്ലയിലെ എയർപോർട്ട്-സീപോർട്ട് റോഡിന്റെ നിർമ്മാണം പല ഘട്ടങ്ങളായി തിരിച്ച് ഒന്നാം ഘട്ടത്തിന്റെ പണി പൂർത്തീകരിക്കുകയും രണ്ടാം ഘട്ടത്തിൽപ്പെട്ട 19.9 കി.മീ റോഡിന്റെ സാധ്യതാപഠനം നടത്തി അലൈൻമെൻറ് നിശ്ചയിക്കുകയും ചെയ്തെങ്കിലും ലാന്റ് അക്വിസിഷൻ നടപടി പൂർത്തിയായിട്ടില്ല. പെരിയാറിന് കുറുകേയുള്ള പാലം, നെറുവണ്ണൂർ റെയിൽവേമേൽപ്പാലം, റോഡ് നിർമ്മാണം എന്നിവ ഉൾപ്പെട്ട 372.56 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്. മൂന്നാം ഘട്ടത്തിൽപ്പെട്ട ആറ് കി.മീ റോഡ് നിർമ്മിക്കേണ്ടതുണ്ട്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പൂർത്തിയാകുന്നതോടെ കൊച്ചിനഗരത്തിലും പ്രാന്തപ്രദേശങ്ങളിലുമുണ്ടാകുന്ന ഗതാഗതപ്രശ്നത്തിന് പരിഹാരം കാണുന്ന ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

(24) കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട റോഡുകൾ

ശ്രീ. കെ. അജിത്: വൈക്കത്തെ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട അഞ്ചു റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് പ്രത്യേക ഭരണാനുമതി നൽകുകയും സെൻട്രൽ റോഡ് ഫണ്ടിൽപ്പെടുത്തിയ തലയോലപറമ്പ്-നീർപ്പാറ റോഡ് ദിശമാറ്റിയ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ): വൈക്കത്തെ ചെമ്പുപാലം-കടവ്, പുളിഞ്ചുവട്-ചേരുംചുവട്, വൈക്കം-വെച്ചൂർ, വടയ-ചന്തപ്പാലം, തലപ്പാറ-നീർപ്പാറ

എന്നീ റോഡുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സർക്കാർ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ടി.പി. ഏറ്റെടുത്ത ഏറ്റുമാനൂർ-വൈക്കം റോഡ് പൈപ്പുകൾ സ്ഥാപിച്ചശേഷം ഡിസംബർ മാസം 31-നകം പൂർത്തീകരിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് അതീവ ശ്രദ്ധയോടെ ഇക്കാര്യം പരിഗണിച്ചുവരുന്നുണ്ട്.

## റിപ്പോർട്ട് സമർപ്പണം.

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. തോമസ് ചാഴികാടൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇപ്പോൾ സംസ്ഥാനത്ത് ഗവൺമെന്റ്-സ്വകാര്യ-സഹകരണ മേഖലകളിലായി 213 ആരോഗ്യ-വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിലുണ്ട്. ഈ ബില്ലിന്റെ

പീഠികയിൽ പറയുന്നത് ആധുനിക വൈദ്യശാസ്ത്രം, ഹോമിയോപ്പതി, ആയൂർവേദം, യുനാനി, സിദ്ധ, പ്രകൃതിചികിൽസ, യോഗ തുടങ്ങിയ വ്യത്യസ്തങ്ങളായ ആരോഗ്യശാഖകൾക്കും കൂടിയുള്ള ഒരു യൂണിവേഴ്സിറ്റി എന്നാണ്. ഇതിൽ എല്ലാ ആരോഗ്യ-വിദ്യാഭ്യാസ ശാഖകൾക്കും കൂടിയുള്ള ഒരു യൂണിവേഴ്സിറ്റി എന്നതിനുപകരം അലോപ്പതിയും അതുമായി ബന്ധപ്പെട്ട ശാസ്ത്രശാഖകൾക്കുമായി ഒരു യൂണിവേഴ്സിറ്റിയും ആയൂർവേദം, യുനാനി, സിദ്ധ, പ്രകൃതിചികിൽസ,യോഗ തുടങ്ങിയ ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിന് പ്രത്യേകമായി ഒരു യൂണിവേഴ്സിറ്റിയും തുടങ്ങുന്നതാണ് ഉചിതം. അലോപ്പതി വിദ്യാഭ്യാസരംഗത്താണ് കൂടുതൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ കാണുന്നത്. മോഡേൺ മെഡിസിന്റെ കീഴിൽ വരുന്ന ആരോഗ്യ-വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മെച്ചപ്പെട്ട രീതിയിൽ ഗവേഷണം നടത്താനും വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്ക്കരിക്കാനും അതിന് നേതൃത്വം കൊടുക്കാനും ഒരു പ്രത്യേക യൂണിവേഴ്സിറ്റിയുണ്ടാകുന്നത് നല്ലതാണ്. മോഡേൺ മെഡിസിനും മറ്റ് മെഡിസിനും വേണ്ടി സ്ഥാപിക്കപ്പെട്ട അന്യസംസ്ഥാനങ്ങളിലെ യൂണി വേഴ്സിറ്റികൾക്ക് ഒരു പ്രത്യേക ശാഖയെ ഫോക്കസ് ചെയ്ത് റിസർച്ച് നടത്താൻ സാധിച്ചിട്ടില്ല എന്നുള്ളതു കണ്ടുകൊണ്ടാണ് ഇതു സംബന്ധിച്ച് പഠനം നടത്തുന്ന കമ്മിറ്റി മോഡേൺ മെഡിസിനു മാത്രമായി പ്രത്യേക യൂണിവേഴ്സിറ്റി വേണമെന്ന് ശുപാർശ ചെയ്തത്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് നിലനിൽക്കെയാണ് ഈ ബില്ലിൽ മോഡേൺ മെഡിസിനൊപ്പം തന്നെ ഹോമിയോ, ആയുർവേദ, യുനാനി, സിദ്ധ, പ്രകൃതിചികിൽസ, യോഗ തുടങ്ങി വ്യത്യസ്ത ആരോഗ്യശാഖകളുടെ ബോധനവും അദ്ധ്യാപനവും ഗവേഷണവും ഉറപ്പുവരുത്താൻ കഴിയുമെന്നു പറയുന്നത്. ഇക്കാര്യം പുന:

പരിശോധിക്കണം. മോഡേൺ മെഡിസിനു മാത്രമായി ഒരു പ്രത്യേക യൂണിവേഴ്സിറ്റി ഉണ്ടാവുകയാണെങ്കിൽ ഈ വിഭാഗത്തിൽ കൂടുതൽ റിസർച്ച്, പഠനം എന്നിവയ്ക്കുള്ള സാധ്യതകൾ ഉണ്ടാകും. അതോടൊപ്പം മോഡേൺ മെഡിസിനൊഴികെയുള്ള ആരോഗ്യശാഖകൾക്ക് പ്രത്യേക പരിഗണന നൽകുകയും വേണം. ഇൻഡ്യൻ ചികിത്സാരീതികളെ പ്രോത്സാഹിപ്പിക്കുന്നതിനും ഓരോ മേഖലയ്ക്കും പ്രത്യേക പഠനവും റിസർച്ചും നടത്തുന്നതിനും നേട്ടങ്ങളുണ്ടാക്കുന്നതിനും പ്രത്യേകമായ സർവ്വകലാശാലകൾ രൂപീകരിക്കണം. വളരെയധികം സാദ്ധ്യതകളുള്ള നല്ല ചികിത്സാ സൗകര്യം ലഭ്യമാക്കാൻ കഴിയുന്ന 9 സ്പെഷ്യാലിറ്റികളുള്ള ദന്തൽ വിഭാഗത്തിന് ബില്ലിൽ പ്രത്യേക പരിഗണനയുണ്ടാകണം. നാലാം വകുപ്പിൽ ഫിസിയോ തെറാപ്പിയോ ദന്തിസ്ട്രിയോ വന്നിട്ടില്ല. ഏതെങ്കിലും പ്രധാനപ്പെട്ട ശാഖയ്ക്കായി സ്കൂൾ ആരംഭിക്കാൻ കഴിയാത്ത അവസ്ഥ വരരുത്. യൂണിവേഴ്സിറ്റിയുടെ താൽപ്പര്യമനുസരിച്ച് അതാത് സമയങ്ങളിൽ ആരംഭിക്കാൻ അനുവാദം നൽകുമെന്ന് ഒറ്റ വാചകത്തിൽ പറയുമ്പോൾ ഏതെങ്കിലും പ്രധാനപ്പെട്ട ശാഖ അവഗണിക്കപ്പെടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. 22-ാം വകുപ്പിൽ ഗവേണിംഗ് കൗൺസിലിൽ മോഡേൺ മെഡിസിനും ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിനും ഹോമിയോപ്പതിക്കും മാത്രം അംഗത്വം നൽകിയാൽ പോര. മൂന്ന് ശാഖകൾക്കുപകരം എല്ലാ സിസ്റ്റം ഓഫ് മെഡിസിനും ശാഖകൾക്കും റൊട്ടേഷണൽ ബേസിസിൽ അംഗത്വം ലഭിക്കാനുള്ള സാഹചര്യമൊരുക്കണം. 47-ാം വകുപ്പിൽ കൂടുതൽ മൈനോറിറ്റീസിന് കിട്ടേണ്ട പരിഗണന കിട്ടാതെ പോകരുത് എന്ന ഉദ്ദേശത്തോടുകൂടി "without prejudice to the minority rights guaranteed under the constitution of

India, admission to all courses in the University Departments and affiliated Colleges shall be made subject to the reservation rules and on competitive merit" എന്നാക്കി ആ വകുപ്പ് റീ-കാസ്റ്റ് ചെയ്യുന്നത് നല്ലതായിരിക്കും. 50-ാം വകുപ്പിന് പ്രത്യേകമായ ഒരു അണ്ടർടേക്കിംഗിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. അതിനാൽ 50 (2) ഈ ബില്ലിൽ ഉൾപ്പെടുത്തേണ്ടതില്ല.

ശ്രീ. എം. എ. വാഹീദ് : വിയോജിപ്പ് രേഖപ്പെടുത്തുന്നു. ആരോഗ്യ സർവ്വകലാശാല അനാരോഗ്യ സർവ്വകലാശാലയായി മാറാൻ പോകുന്ന സ്ഥിതിവിശേഷമാണ് ഈ ബില്ലിലൂടെ ഉണ്ടാകാൻ പോകുന്നത്. ശരിയായ ചർച്ച നടത്താതെയാണ് ഈ ബിൽ പാസ്സാക്കാൻ പോകുന്നത്. ഓരോ വിഭാഗത്തിനും ഓരോ രീതിയിൽ സർവ്വകലാശാല ഉണ്ടാകുന്നത് ഭൂഷണമല്ല. ആരോഗ്യ സർവ്വകലാശാലയുടെ ഗവേണിംഗ് ബോഡിയിൽ മോഡേൺ മെഡിസിനിൽ താൽപ്പര്യമുളളവരായിരിക്കും വരുന്നത്. ഇത് മത്സരത്തിനിടയാക്കും.ഫിസിയോതെറാപ്പിക്ക് ഡോക്ടർ പദവി കൊടുക്കാത്ത പ്രശ്നം മോഡേൺ മെഡിസിനിൽ നിലനിൽക്കുകയാണ്. ബില്ലിലും ഫിസിയോതെറാപ്പിക്കായി സ്കൂൾ ഉൾക്കൊളളിച്ചിട്ടില്ല. ഗവേഷണത്തിനുവേണ്ടിയാണ് പ്രത്യേക സർവ്വകലാശാല എന്നാണ് പറഞ്ഞിരിക്കുന്നതെങ്കിലും സംസ്ഥാനത്ത് നിലവിലുളള സർവ്വകലാശാലകളിലൊന്നും ഗവേഷണം നടക്കുന്നില്ല. ഓരോ വിഭാഗത്തിനും പ്രത്യേകം ഫാക്കൽറ്റിയുണ്ടാക്കി ഗവേഷണം നടത്തുന്നതായിരിക്കും നല്ലത്. ഒരു യൂണിവേഴ്സിറ്റിക്ക് കീഴിൽ എല്ലാ ബ്രാഞ്ചുകളും വരുമ്പോൾ എല്ലാത്തിന്റേയും മെറിറ്റ് നോക്കാൻ ആളുണ്ടാകും. അതുകൊണ്ട് ഇത്തരത്തിൽ ഒരു സർവ്വകലാശാല വരുമ്പോൾ ഗവേണിംഗ്

ബോഡിയിൽ എല്ലാ ശാഖകൾക്കും തുല്യപ്രാതിനിധ്യം കൊടുക്കേണ്ടതാണ്. പ്രത്യേക സർവ്വകലാശാല സ്ഥാപിക്കുമ്പോൾ ഉണ്ടാകുന്ന വിപത്തുകൾ തടയുന്നതിന് ആ സർവ്വകലാശാലയ്ക്കകത്ത് ഏതെല്ലാം ചികിത്സാ ശാഖകളാണോ ഉൾപ്പെടുത്തുന്നത് അവയ്ക്കെല്ലാം ഭരണസമിതിയിൽ തുല്യ പ്രാതിനിധ്യം നൽകാൻ ഗവേണിംഗ് ബോഡിയും സെനറ്റും ശ്രദ്ധിക്കുന്നത് നന്നായിരിക്കും. ഓരോ ശാഖയുടേയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ഗവേഷണങ്ങൾ നടത്തുന്നതിനും ഗവേഷണഫലങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനും കിടമത്സരങ്ങൾ ഒഴിവാക്കുന്നതിനും ഇതുകൊണ്ട് സാധിക്കും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധ ശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ആരോഗ്യരംഗത്ത് ഇൻഡ്യയിലെ മറ്റ് പല സംസ്ഥാനങ്ങളേക്കാളും മുൻപന്തിയിലായിരുന്ന കേരളം അടുത്തകാലത്തായി പുറകോട്ട് പോകുകയാണ്. പുതിയ രോഗങ്ങളെ പ്രതിരോധിക്കുന്നതിനുവേണ്ട ഗവേഷണങ്ങൾ സംസ്ഥാനത്ത് നടത്തേണ്ടതുണ്ട്. കേരളത്തിൽ ഇന്ന് വിദഗ്ധ ചികിത്സ ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്. ഒരു പ്രത്യേക സർവ്വകലാശാലയ്ക്കുവേണ്ട വ്യവസ്ഥകളൊന്നും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. സർക്കാരിന്റെ കാലാവധി അവസാനിക്കാൻ പോകുന്ന ഘട്ടത്തിൽ തിടുക്കത്തിൽ ഇത്തരമൊരു ബിൽ അവതരിപ്പിക്കുന്നതിന് പിന്നിൽ ദുരുദ്ദേശമുണ്ടെന്നുള്ളതിന് മികച്ച തെളിവാണ് ബില്ലിലെ ട്രാൻസിറ്ററി

പ്രൊവിഷൻ. വൈസ്ചാൻസിലർക്ക് ഈ പ്രത്യേക സർവ്വകലാശാലയിൽ കുറച്ചധികം ആളുകൾക്ക് നിയമനം നൽകാനും സ്വന്തം ആളുകളെ സർവ്വകലാശാലയിൽ അവരോധിക്കാനും ഈ പ്രൊവിഷനിലൂടെ കഴിയും. സർക്കാർ പരസ്യമായി പറയുന്ന എല്ലാ കാര്യങ്ങളുടേയും നഗ്നമായ ലംഘനമാണ് ഇത് സൂചിപ്പിക്കുന്നത്. സംശുദ്ധമായ മനസ്സോടുകൂടിയല്ല ഈ ബിൽ സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. ബില്ലിലെ ഡെഫിനിഷൻ ക്ലാസ്സിനോട് യോജിക്കാൻ കഴിയില്ല. ഗവൺമെന്റ് കോളേജിന്റെ മാനേജ്മെന്റ് ഗവൺമെന്റി നായിരിക്കണം. കേരളത്തിന്റെ ആരോഗ്യരംഗം കാര്യക്ഷമമാക്കുന്നതിന് ഈ ബിൽ പര്യാപ്തമല്ല. കേരളത്തിലെ ഈ സർവ്വകലാശാല കേരളത്തിൽ ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മറ്റ് സർവ്വകലാശാലകളുടെ നിലവാരത്തിലുള്ള താകരുത്. കേരളത്തിലെ ഇന്നത്തെ ആരോഗ്യപ്രശ്നങ്ങളെ ഫലപ്രദമായി നേരിടാനും ലോകത്തെമ്പാടുമുണ്ടായിട്ടുള്ള നേട്ടങ്ങൾ കൈവരിക്കാനു മുതകുന്ന യാതൊന്നും ഈ ബില്ലില്ല. സർവ്വകലാശാലകളിലെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിടണം. ഈ സർക്കാർ വന്നശേഷം എൻ.ആർ. എച്ച്.എം-ൽ ഉൾപ്പെടുത്തി പി.എസ്.സി-യെ അറിയിക്കാതെ ആരോഗ്യ വകു പ്പിൽ 958 പേരെ സ്ഥിരപ്പെടുത്തിയിട്ടുള്ളത് നീതികരിക്കാൻ കഴിയുന്നതല്ല. ബില്ലിലെ 5-ാമത്തെ ക്ലാസ്സിലെ 3-ാം സബ് ക്ലാസ്സിൽ പറയുന്നതുപോലെ ഈ നിയമം regulate ചെയ്യുന്നതിനുവേണ്ടിയാകരുത്. ഇത് to update the academic standards of the medical education-നു വേണ്ടിയുള്ളതാകണം. രണ്ട് വർഷത്തെ ഡിഗ്രി കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിയുടെ അക്കാഡ മിക് സ്റ്റാൻഡേർഡ് വർദ്ധിക്കുകയോ പ്രതീക്ഷിച്ച സ്റ്റാൻഡേർഡിനപ്പുറത്ത് വരുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആ കുട്ടിക്ക് ഒന്നര വർഷമായാൽ ഡിഗ്രി

കൺഫർ ചെയ്യുന്ന സംവിധാനത്തെ സംബന്ധിച്ച് ഈ ബില്ലിൽ ഒന്നും പ്രതിപാദിച്ചിട്ടില്ല. കേരളത്തിന്റെ കാലാവസ്ഥയിൽ വരാൻ സാദ്ധ്യതയുള്ള രോഗങ്ങൾക്ക് പ്രതിവിധി കണ്ടെത്തുന്നതിനായി റിസർച്ച് ഇൻസ്റ്റിറ്റ്യൂഷൻ എസ്റ്റാബ്ലിഷ് ചെയ്യുന്നതിനുള്ള പ്രൊവിഷൻ കൂടി ബില്ലിൽ ഉൾപ്പെടുത്തണം. ആരോഗ്യരംഗത്ത് നിലനിൽക്കുന്ന മെഡിക്കൽ ഈഗോയിസം ഇല്ലാതാക്കുന്നതിന് കോ-ഓർഡിനേഷൻ ഉണ്ടാക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശം ബില്ലിൽ വ്യവസ്ഥ ചെയ്യണം.

(ചർച്ച തുടരും)

**ധനകാര്യം**

2010-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2010-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2010-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. ശിവൻകുട്ടി: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സാമ്പത്തികരംഗത്ത് ഒരു ബദൽ നയം ആവിഷ്കരിച്ച് സമസ്ത ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾക്കും പരിഹാരം കാണാനുള്ള പരിശ്രമങ്ങളാണ് ഈ

ഗവൺമെന്റ് നടത്തികൊണ്ടിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ധനസ്ഥിരതയും മെച്ചപ്പെട്ട ധനകാര്യ മാനേജുമെന്റുമാണ് ധനവകുപ്പിന്റെ പ്രധാനപ്പെട്ട നേട്ടമായി കാണാൻ കഴിയുന്നത്. വരുമാനം വർദ്ധിപ്പിച്ച് പരിമിതികൾ മറികടന്നുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്കാണ് സർക്കാർ നേതൃത്വം കൊടുക്കുന്നത്. പെൻഷൻ, ജീവനക്കാരുടെ ക്ഷാമബത്ത, കരാറുകാർക്കുള്ള തുക തുടങ്ങിയവയുടെ കുടിശ്ശികകൾ കൊടുത്തുതീർത്തത് ഈ ഗവൺമെന്റാണ്. 2008-2009 കാലഘട്ടങ്ങളിൽ ഒരു ദിവസംപോലും ട്രഷറി പൂട്ടേണ്ടിവന്നിട്ടില്ലെന്നു മാത്രമല്ല ഓവർഡ്രാഫ്റ്റ് എടുക്കേണ്ടിവന്നിട്ടില്ലെന്നതും എടുത്തുപറയേണ്ട നേട്ടമാണ്. 5000 കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങളാണ് ഇപ്പോൾ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. കാര്യക്ഷമമായ ധനമാനേജ്മെന്റിന്റെ ഫലമായി കക്ഷിരാഷ്ട്രീയഭേദമെന്യേ എല്ലാ നിയോജകമണ്ഡലങ്ങളിലും വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. മൂലധനച്ചെലവ് വർദ്ധിച്ചിട്ടും ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയില്ലെന്നത് വലിയ നേട്ടമാണ്. വരുമാന വർദ്ധനവുണ്ടാക്കാനും റവന്യൂ കമ്മി 3.3 ശതമാനത്തിൽനിന്ന് 1.9 ശതമാനമായി കുറയ്ക്കാനും കഴിഞ്ഞു. 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം കേന്ദ്ര നികുതിവിഹിതം 2.6 ശതമാനമായിരുന്നത് 2.3 ശതമാനമായി കുറയുന്നതുവഴി 5000 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കപ്പെടുന്നത്. റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനുവേണ്ടി ജനങ്ങളിൽ നികുതിഭാരം അടിച്ചേൽപ്പിക്കുന്ന നയത്തോട് സർക്കാരിന് യോജിപ്പില്ല. കടം വാങ്ങുന്നത് വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കണമെന്ന നയമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. മൂലധനച്ചെലവിന്റെ കാര്യത്തിലും വൻ വർദ്ധനവാണ്

രേഖപ്പെടുത്തിയിട്ടുള്ളത്. സമസ്തമേഖലയിലും മാറ്റങ്ങളുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കടാശ്വാസ പദ്ധതികളുടെ നടത്തിപ്പിനുവേണ്ടി 500 കോടി രൂപയും വിവിധ ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതിന് 300 കോടി രൂപയും രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതിക്കായി 500 കോടി രൂപയും ചെലവഴിച്ച ഗവൺമെന്റിന്റെ നടപടി പ്രശംസനീയമാണ്. പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ശക്തമായ നടപടി കൾ സർക്കാർ സ്വീകരിക്കുകയുണ്ടായി. .

ശ്രീ. സി. ടി. അഹമ്മദ് അലി: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ധനവിനിയോഗം നടത്താൻ കഴിയാതെ കോടിക്കണക്കിന് രൂപ ലാപ്സാക്കികൊണ്ട് വികസനം സ്തംഭിച്ചുനിൽക്കുന്ന സ്ഥിതിവിശേഷമാണ് ഇന്ന് സംസ്ഥാനത്തുള്ളത്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നം ഗൗരവമായി കാണാനും ജില്ലയിലെ പതിനൊന്ന് പഞ്ചായത്തുകളിൽ ഈ ദുരന്തത്തെത്തുടർന്ന് മരണപ്പെട്ടവരുടെ ആശ്രിതർക്കും ദുരിതബാധിതർക്കും അർഹമായ ധനസഹായം നൽകാനും നടപടി സ്വീകരിക്കണം. എൻഡോസൾഫാന്റെ ഉപയോഗം സമ്പൂർണ്ണമായി നിരോധിക്കാനും ദുരിതബാധിതർക്കുവേണ്ടി ആവിഷ്ക്കരിച്ച പദ്ധതി പൂർണ്ണമായും സമയബന്ധിതമായും നടപ്പിലാക്കാനും അവർക്ക് അനുവദിച്ച മുഴുവൻ സഹായവും ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. മരണമടഞ്ഞ വരുടെ ആശ്രിതർക്ക് അഞ്ച് ലക്ഷത്തിൽ കുറയാത്ത തുക നഷ്ടപരിഹാര മായി അനുവദിക്കണം. കേന്ദ്ര സഹായം അഭ്യർത്ഥിക്കുന്നതിനുമുമ്പ് ഈ ദുരന്തത്തെ സംബന്ധിച്ച പൂർണ്ണമായ സർവ്വേ നടത്തി വ്യക്തമായ പദ്ധതിക്ക് രൂപം നൽകണം. ദുരന്തബാധിതർക്ക് സാമ്പത്തികസഹായം നൽകുന്ന

തിനുള്ള ഉത്തരവാദിത്വം പ്ലാന്റേഷൻ കോർപ്പറേഷനുണ്ട്. ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം. സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആരംഭിക്കണം. ട്രിബ്യൂണൽ സ്ഥാപിക്കണം. ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് തൊഴിൽ നൽകണം.

ശ്രീമതി ഇ.എസ്. ബിജിമോൾ : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. റവന്യൂ കമ്മി കുറയ്ക്കാൻ നടപടികൾ സ്വീകരിച്ചു. ധന ചോർച്ച തടയുകയും ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുകയും വരുമാനം വർദ്ധിപ്പിക്കുകയും ചെയ്തു. മൂലധനച്ചെലവുകൾ വർദ്ധിച്ചത് സർക്കാരിന്റെ മികച്ച ധനകാര്യമാനേജ്മെന്റിന്റെ ഉദാഹരണമാണ്. പി.ഡബ്ള്യൂ.ഡി. കരാറുകാർക്കുള്ള കുടിശ്ശിക തുക യഥാസമയം നൽകികൊണ്ട് നിർമ്മാണ പ്രവർത്തനങ്ങളുടെ നിരക്കുകൾ താഴ്ത്തിക്കൊണ്ടുവരാൻ സാധിച്ചു. വിലക്കയറ്റം നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ പരാജയപ്പെട്ടു.

ശ്രീ. എ.എ. അസീസ്: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. അന്യസംസ്ഥാന ലോട്ടറികൾ നിരോധിക്കാൻ നടപടികൾ സ്വീകരിച്ചു. കർഷക കടാശ്വാസ കമ്മീഷൻ, മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ എന്നിവ രൂപീകരിച്ചു. കൃഷിക്കാർക്ക് പലിശരഹിത വായ്പ നൽകി. വിലക്കയറ്റം നിയന്ത്രിക്കാനായി പൊതുവിതരണശൃംഖല ശക്തിപ്പെടുത്തുകയും നിത്യോപയോഗ സാധനങ്ങൾ വിശേഷദിവസങ്ങളിൽ ന്യായവിലയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു.

ശ്രീ. കെ.ടി.ജലീൽ: അക്കാഡമിക് രംഗത്തും ഭൗതിക സാഹചര്യങ്ങളുടെ വിപുലീകരണത്തിലും മികച്ച പ്രകടനം കാഴ്ചവച്ച സർക്കാരാണിത്. വെറ്ററിനറി, മെഡിക്കൽ, ഫിഷറീസ് സർവ്വകലാശാലകൾ സംസ്ഥാനത്ത് ആരംഭിക്കാൻ തീരുമാനിച്ചു. മലപ്പുറത്ത് അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റി

യുടെ ഓഫ് ക്യാമ്പസ് ആരംഭിക്കുന്നതിന് സ്ഥലം ഏറ്റെടുത്ത് നൽകി. കണ്ണൂർ-കാസർഗോഡ് ബോർഡറിൽ സെൻട്രൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനായി ഭൗതിക സാഹചര്യങ്ങൾ ഒരുക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചു. മലബാർമേഖലയിൽ സർക്കാർ/എയ്ഡഡ് മേഖലകളിൽ പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുകയും അദ്ധ്യാപക-അദ്ധ്യാപകേതര തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനും റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു.

ശ്രീ.ജോസഫ്. എം. പുതുശ്ശേരി: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സാമ്പത്തിക ക്രമക്കേടുകളും അഴിമതിയും കെടുകാര്യസ്ഥതയും മുഖമുദ്രയാക്കിയ ഈ സർക്കാരിന് ധനവിനിയോഗത്തിന് അനുമതി നേടാൻ ധാർമ്മികമായി യാതൊരു അവകാശവുമില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം കൃത്യമായി നൽകാത്തതിനാൽ വികസനപ്രവർത്തനങ്ങൾ നടക്കുന്നില്ലെന്നുമാത്രമല്ല വൈദ്യുതി ചാർജ്, വെള്ളക്കരം എന്നിവപോലും അടയ്ക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോ വിതരണം ചെയ്യുന്നതിലൂടെ വൻ അഴിമതിയാണ് നടക്കുന്നത്. ലോട്ടറി മാഫിയകളെ സംരക്ഷിക്കാനുള്ള ശ്രമങ്ങളാണ് നടന്നിട്ടുള്ളത്.

ശ്രീ. വി.എൻ. വാസവൻ : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. 45000 കോടി രൂപയുടെ വികസനപ്രവർത്തനങ്ങളാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കഴിഞ്ഞ നാലരവർഷത്തെ ഭരണത്തിനിടയിൽ നടന്നത്. സംസ്ഥാനത്തിന്റെ സാമ്പത്തികവളർച്ചയിൽ പത്തുശതമാനം വർദ്ധനവ്

കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. റവന്യൂ കമ്മിയും ധന കമ്മിയും കുറയുകയും മൂലധനച്ചെലവും പദ്ധതിച്ചെലവും വർദ്ധിക്കുകയും ചെയ്തു. ശാസ്ത്രീയമായ ധനമാനേജ്മെന്റിലൂടെ ഉൽപ്പാദനമേഖലയിലും കാർഷിക വ്യാവസായികമേഖലകളിലും പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പത്ത് പൊതുമേഖലാ വ്യവസായ സംരംഭങ്ങൾക്ക് തുടക്കമിട്ടു. ഒരേ സമയം പതിനഞ്ചുകോടിയിൽ കുറയാത്ത വികസനപ്രവർത്തനങ്ങളാണ് ഓരോ മണ്ഡലത്തിലും നടന്നുകൊണ്ടിരിക്കുന്നത്. റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ഓരോ മണ്ഡലത്തിനും 25 ലക്ഷം രൂപകൂടി അധികമായി പ്രഖ്യാപിച്ചിട്ടുണ്ട്. കാർഷികമേഖലയെ പ്രോൽസാഹിപ്പിക്കാനും കർഷക ആത്മഹത്യ കുറയ്ക്കാനും കഴിഞ്ഞു. ജനകീയപ്രശ്നങ്ങളിൽനിന്ന് ഒളിച്ചോടുകയും അഴിമതിക്ക് കൂട്ടുനിൽക്കുന്നവരെ രക്ഷിക്കുകയുമാണ് കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലനിയന്ത്രണാധികാരം കമ്പനികൾക്കു നൽകിയെന്നു മാത്രമല്ല, പെട്രോളിന്റെ വിലക്കയറ്റം നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ ഒരു നടപടിയും സ്വീകരിച്ചില്ല. കുത്തകമുതലാളിമാരെ സംരക്ഷിക്കുന്ന നയമാണ് കേന്ദ്ര സർക്കാർ തുടർന്നു കൊണ്ടിരിക്കുന്നത്. ലോട്ടറി പ്രശ്നത്തിൽ വ്യക്തമായ നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. ആരോഗ്യമേഖലയിൽ നിരവധി വികസന പ്രവർത്തനങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

<u>ശ്രീ. കെ. ബാബു</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. എസ്.സി./എസ്.റ്റി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് നീക്കി വച്ച തുക ഉൾപ്പെടെ പല ഹെഡ്ഡുകളിലും അനുവദിക്കപ്പെട്ട തുക ചെലവഴിക്കാത്ത സ്ഥിതിയാണുള്ളത്. ധനകാര്യ മാനേജ്മെന്റിനെ സംബന്ധിച്ച് സി.ആന്റ്.

എ.ജി. ചൂണ്ടിക്കാണിച്ചിട്ടുള്ള ഒബ്ജക്ഷൻസ് ഗൗരവമായി പരിശോധിക്കണം. ലോട്ടറി പ്രശ്നം സംബന്ധിച്ച് സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കണം. എസ്.എൻ.സി.ലാവ്‌ലിൻ കേസിൽ ഗവൺമെന്റ് സ്വീകരിച്ച നിലപാട് വ്യക്തമാക്കണം. ലോട്ടറിക്കേസ്സിൽ സി.ബി.ഐ. അന്വേഷണം വേണമെന്ന മുഖ്യമന്ത്രിയുടെ ആവശ്യത്തെക്കുറിച്ച് ഭരണപക്ഷത്തിന്റെ നിലപാട് വ്യക്തമാക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 64 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് സഭയുടെ പരിഗണനയ്ക്ക് വന്നത്. കണ്ടിജൻസി ഫണ്ടിൽ നിന്നെടുത്ത് ചെലവാക്കിയ തുക റെഗുലറൈസ് ചെയ്യുന്നതിനുവേണ്ടിയാണ് ഉപധനാഭ്യർത്ഥന കൊണ്ടുവന്നിട്ടുള്ളത്. യു.ഡി.എഫ്. ഭരണകാലത്ത് ലോട്ടറിയുമായി ബന്ധപ്പെട്ട് കോമ്പൗണ്ടിംഗ് ഫോർമുലപ്രകാരം 5000 കോടി രൂപയുടെ നോട്ടീസ് കൊടുത്തതിനെതിരെ ലോട്ടറി മാഫിയ കോടതിയിൽ പോയി. വിറ്റുവരവിൽ നിന്ന് പ്രൈസ് മണി മാറ്റിവച്ച് ബാക്കിയുള്ളതിന്റെ 8 ശതമാനം ചുമത്താമെന്ന് ക്ലാരിഫിക്കേഷൻ കൊടുത്തിട്ടും ഒരു ഡിമാന്റ് നോട്ടീസുപോലും ലോട്ടറി മാഫിയയ്ക്ക് അന്നത്തെ സർക്കാർ കൊടുത്തില്ല. 544 കേസ് രജിസ്റ്റർ ചെയ്തതിനെതിരെ ലോട്ടറിക്കാർ സുപ്രീംകോടതിയെ സമീപിച്ചു. ഫർതർ ആക്ഷൻസ് പാടില്ലെന്ന് കോടതി പറഞ്ഞിട്ടും 14 കേസ്സുകൾ കൂടുതലായി രജിസ്റ്റർ ചെയ്തതുകൊണ്ടാണ് കോടതിയലക്ഷ്യത്തിന് കേസ്സെടുത്തത്. എല്ലാ കേസ്സുകളും പിൻവലിക്കുന്നുവെന്നും ഇനി കേസ്സെടുക്കില്ലെന്നും പറഞ്ഞ് അന്നത്തെ സർക്കാർ കോടതിയിൽ സമർപ്പിച്ച അഫിഡവിറ്റ് തിരുത്തുന്നതിന് നടപടിയെടുക്കണമെന്ന് ഡി.ജി.പി. കത്തയച്ചിട്ടും ഒരു നടപടിയുമെടുത്തില്ല. മേഘ

ഡിസ്ട്രിബ്യൂട്ടേഴ്സിന് യു.ഡി.എഫ്-ന്റെ കാലത്താണ് രജിസ്ട്രേഷൻ നൽകിയത്. നിയമലംഘനമുണ്ടായപ്പോഴൊക്കെ ഈ ഗവൺമെന്റ് നടപടി എടുത്തിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന് റെഗുലേറ്ററി പവർ ഇല്ലെന്ന ഡിവിഷൻ ബഞ്ച് വിധിയെത്തുടർന്നാണ് ഓർഡിനൻസ് കൊണ്ടുവന്നത്. ഓർഡിനൻസിന്മേൽ വാദം നടന്നുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാർ നിയമപരമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിബിമാത്യു കമ്മിഷന്റെ റിപ്പോർട്ട് അയച്ചു കൊടുത്തിട്ടും ലോട്ടറി മാഫിയയ്ക്കെതിരെ നിരന്തരമായി കത്തെഴുതിയിട്ടും കേന്ദ്ര ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചില്ല. കേന്ദ്ര സർക്കാരാണ് ലോട്ടറി മാഫിയയ്ക്ക് സൗകര്യങ്ങൾ ചെയ്തുകൊടുത്തുകൊണ്ടിരിക്കുന്നത്. കേന്ദ്ര ലോട്ടറിനിയമം വന്നതിനുശേഷം ഇൻഡ്യയിൽ നടത്തിയിട്ടുള്ള നികുതിവെട്ടിപ്പിന് നേതൃത്വം നൽകിയത് കേന്ദ്ര ഗവൺമെന്റാണ്. അപ്രോപ്രി യേഷൻ ബിൽ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

2010-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്കെ ടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : 2010-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : പ്രമേയത്തെ പിന്താങ്ങുന്നു.

2010-ലെ കേരള ധനവിനിയോഗ (4-ാം നമ്പൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കി.

## 2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധ ശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ

(ചർച്ച തുടർച്ച)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർവ്വകലാശാലയുടെ ചാൻസിലറായ ഗവർണ്ണർക്ക് ഗവൺമെന്റുമായി ആലോചിച്ചശേഷം മാത്രമേ തീരുമാനമെടുക്കാവൂ എന്ന വ്യവസ്ഥ ആശാസ്യമല്ല. അധികാരങ്ങൾ പിടിച്ചെടുക്കാനുള്ള ഈ സർക്കാരിന്റെ ശ്രമം തിരുത്തണം. സർവ്വകലാശാലയുടെ ചാൻസിലർക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് ശരിയല്ല. ചാൻസിലർ ആശുപത്രി ഉപകരണങ്ങൾ ഇൻസ്പെക്ട് ചെയ്യാൻ പോകുമ്പോൾ അയയ്ക്കുന്ന പ്രതിനിധി ആരാണെന്ന് വ്യക്തമാക്കണം. മെഡിക്കൽ കോളേജുകളിൽ സ്പെഷ്യാലിറ്റി കേഡറുകളിൽ ഫാക്കൽറ്റികളെ നിയമിക്കണം. ക്വാളിഫൈയിംഗ് കോഴ്സുകൾ പാസ്സായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് പ്രൊമോഷൻ കൊടുക്കണം. ക്ലാസ് ഫോർ ജീവനക്കാർക്ക് അനധികൃത പ്രൊമോഷനും എൻ.ഒ.സി.-യും കൊടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കണം. മെഡിക്കൽ വിദ്യാഭ്യാസത്തേയും ആരോഗ്യരംഗത്ത്

അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന സുതാര്യമായ സമീപനത്തേയും അട്ടിമറിക്കുന്ന നടപടി അവസാനിപ്പിക്കണം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന-വർക്കുകൂടി ആനുകൂല്യം ലഭിക്കത്തക്കരീതിയിൽ ബില്ലിൽ മാറ്റം വരുത്തണം.

ശ്രീ. സി.എം. ദിനേശ് മണി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തൃശൂർ ആസ്ഥാനമായി രൂപീകരിക്കാൻ പോകുന്ന ഈ യൂണിവേഴ്സിറ്റിയുടെ പ്രധാനപ്പെട്ട ലക്ഷ്യം വൈദ്യശാസ്ത്ര ഗവേഷണം പരിപോഷിപ്പിച്ചും പ്രോൽസാഹിപ്പിച്ചും വൈദ്യശാസ്ത്രരംഗത്തും അനുബന്ധ മേഖലകളിലും പഠനവും അറിവും പുരോഗമിപ്പിക്കുകയും ആരോഗ്യ നയരൂപീകരണത്തിന് നേതൃത്വം നൽകുകയും ചെയ്യുക എന്നുള്ളതാണ്. ഇതുവഴി പാരമ്പര്യ വൈദ്യശുശ്രൂഷാ രീതികളെ സമന്വയിപ്പിച്ചുകൊണ്ട് ഒരു ചികിൽസാ സംവിധാനം ആവിഷ്ക്കരിക്കേണ്ടതുണ്ട്. അലോപ്പതി മരുന്നുൽപ്പാദക കമ്പനികളുടെ വിപണിയായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. ആരോഗ്യമേഖലയിൽ കാതലായ മാറ്റങ്ങൾ വരുത്താൻ ഈ സർവ്വകലാശാല ഒരു പരിധിവരെ സഹായിക്കും. സർവ്വകലാശാലകൾ ബിരുദം മാത്രം നൽകുന്ന സ്ഥാപനങ്ങളായി മാറരുത്. കുസാറ്റ്, കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി തുടങ്ങിയവയുടെ പ്രവർത്തനാനുഭവങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള സമീപനം ഈ സർവ്വകലാശാലയിൽ സ്വീകരിക്കണം. സർവ്വകലാശാലകളിൽ അവതരിപ്പിക്കപ്പെടുന്ന തീസിസുകൊണ്ട് സമൂഹത്തിനുണ്ടാകുന്ന പ്രയോജനത്തെക്കുറിച്ച് ആലോചിക്കണം. കേരളത്തിന്റെ പ്രത്യേക പ്രശ്നങ്ങൾക്ക്

പരിഹാരം കാണാൻ ശാസ്ത്ര-സാങ്കേതിക വിദഗ്ദ്ധർ നൽകിയ സംഭാവനകൾ തൃപ്തികരമല്ല. സർവ്വകലാശാലയുടെ ഉദ്ദേശലക്ഷ്യങ്ങൾ നിറവേറ്റാൻ കഴിയുന്നുണ്ടോയെന്നും ജീവനക്കാരുടേയും അധ്യാപകരുടേയും പ്രവർത്തനങ്ങൾ തൃപ്തികരമാണോയെന്നും ശാസ്ത്ര-സാങ്കേതിക മേഖലയിൽ നടക്കുന്ന ഗവേഷണങ്ങൾ ജനസമൂഹത്തിന് പ്രയോജനപ്രദമാണോയെന്നും വിലയിരുത്താനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്. സർവ്വകലാശാലയുടെ കീഴിൽ എല്ലാ വൈദ്യശാസ്ത്രങ്ങളേയും ഉൾപ്പെടുത്തുന്ന നിർദ്ദേശങ്ങളാണ് ബില്ലിലുള്ളത്. ആയുർവേദം, അലോപ്പതി, ഹോമിയോ, സിദ്ധ, യുനാനി മേഖലകൾക്ക് അതിന്റേതായ പ്രധാന്യം ബില്ലിൽ നിഷ്കർഷിച്ചിട്ടുണ്ട്. സർവ്വകലാശാലകളിലെ അക്കാഡമിക് മേഖലയുടെ വികസനത്തിനും പരിപോഷണത്തിനുംവേണ്ടി ജീവനക്കാരും അധ്യാപകരും വഹിക്കുന്ന പങ്ക് പരിമിതമാണ്. കേരളത്തിന്റെ പ്രത്യേകതകൾ പരിഗണിച്ച് ആയുർവേദം, അലോപ്പതി, ഹോമിയോ മേഖലകൾക്ക് പ്രത്യേകം പ്രാധാന്യം നൽകണം. ഈ രംഗത്ത് നിയമിക്കപ്പെടുന്നവർ അതാതുമേഖലയിൽ പ്രഗൽഭമതികളായിരിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തണം. കൃത്യസമയത്ത് പരീക്ഷകൾ നടത്താനും ഫലങ്ങൾ പ്രസിദ്ധീകരിക്കാനും കഴിയണം. സർവ്വകലാശാലകൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങളും അക്കാഡമിക് സംവിധാനങ്ങളും ഫാക്കൽറ്റികളും വർദ്ധിപ്പിക്കുകയും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുകയും ചെയ്യണം. സംസ്ഥാനത്തുണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊള്ളാൻ സാധിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): കേരളം ആരോഗ്യരംഗത്ത്

മുന്നിലാണെങ്കിലും ആരോഗ്യ വിദ്യാഭ്യാസമേഖലയിൽ വലിയ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസമേഖലയിൽ അക്കാഡമിക്-ഗവേഷണ രംഗങ്ങളിൽ പ്രാധാന്യം നൽകുന്നതിനു വേണ്ടിയാണ് ഇത്തരമൊരു സർവ്വകലാശാല കൊണ്ടുവരുന്നത്. 3 മെഡിക്കൽ മേഖലകളേയും സംബന്ധിച്ച് പഠനറിപ്പോർട്ട് ചർച്ചചെയ്യുകയും അയൽ സംസ്ഥാനങ്ങളിലെ ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠനം നടത്തുകയുമുണ്ടായി. കേരളത്തിലെ ആരോഗ്യ സർവ്വകലാശാല ആരോഗ്യ വിദ്യാഭ്യാസരംഗത്ത് മാത്രമല്ല ഗവേഷണ രംഗത്തും വളരെയേറെ ഊന്നൽ നൽകുന്ന സർവ്വകലാശാലയായി മാറണം എന്നുള്ള നിലയ്ക്കാണ് ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഒരു കൊല്ലം മുമ്പുതന്നെ സർവ്വകലാശാല നിലവിൽ വരികയും അതിനാവശ്യമായ തസ്തിക സൃഷ്ടിക്കുകയും പണം അനുവദിക്കുകയും തൃശൂർ മെഡിക്കൽ കോളേജ് ക്യാമ്പസ്സിൽ ആവശ്യമായ സ്ഥലം അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ മറ്റെല്ലാ സർവ്വകലാശാലകളിലും അഫിലിയേറ്റ് ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെയെല്ലാം അഫിലിയേഷൻ രേഖകൾ ആരോഗ്യ സർവ്വകലാശാലയിലേയ്ക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനമുൾപ്പെടെ നടത്താൻ സാധിച്ചു. ആരോഗ്യ സർവ്വകലാശാല എന്ന നിലയിൽ ചികിത്സാ രംഗത്തെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ വിധത്തിലുള്ള ഗവേഷണത്തിനും പഠനത്തിനും പ്രാധാന്യം കൊടുക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ അതിനനനുസരിച്ച് ഉയർത്തിക്കൊണ്ടുവരണമെന്നാണ് സർവ്വകലാശാലകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. മെഡിക്കൽ രംഗത്തുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളേയും ഇതിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കത്തക്ക രീതിയിലാണ് ഈ

ബിൽ വിഭാവനം ചെയ്തിട്ടുള്ളത്. സെൻട്രൽ ഗവൺമെന്റ് അല്ലെങ്കിൽ അതാത് കൗൺസിലുകളുടെ സ്റ്റാൻഡേർഡിനനുസരിച്ചുള്ള രീതിയിലായിരിക്കും കോഴ്സുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും അനുവദിക്കുന്നത്. വിവിധ ചികിത്സാരീതി സംബന്ധിച്ചുള്ള കോഴ്സുകൾ ഇന്ററാക്റ്റ് ചെയ്യുന്നതിനുള്ള സൗകര്യമുണ്ടായിരിക്കും. ആയുർവേദവും അലോപ്പതിയും കൂടിച്ചേർന്ന് ഗവേഷണം നടത്തി കണ്ടെത്തിയിട്ടുള്ള മരുന്ന് ഫലപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്. ആരോഗ്യ സർവ്വകലാശാല മറ്റ് സർവ്വകലാശാലകളിൽനിന്ന് വ്യത്യസ്തമാണ്. ഓരോ ശാസ്ത്രശാഖയിലും പ്രത്യേകം ഗവേഷണവും പഠനവും നടത്തുന്നതോടൊപ്പം വിവിധ ശാസ്ത്രശാഖകൾ തമ്മിൽ ബന്ധപ്പെടുത്തുന്ന ഇന്റർ ഡിസിപ്ലിനറി റിസർച്ചും കൂടി പ്രോത്സാഹിപ്പിക്കാനുള്ള വ്യവസ്ഥ ബില്ലിലുണ്ട്. റിസർച്ചിനെ സംബന്ധിച്ചും പകർച്ചവ്യാധികളെ സംബന്ധിച്ചും പ്രത്യേക പഠനം നടത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വാശ്രയ കോളേജുകളുടെ പ്രവർത്തനത്തെയും ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സ്വീകരിക്കേണ്ട നിലപാടിനെയും സംബന്ധിച്ച് വ്യക്തമായ സമീപനമാണ് സർക്കാരിനുള്ളത്. ആരോഗ്യ സംരക്ഷണം ലഭ്യമാക്കുന്ന വിവിധ വിഭാഗങ്ങൾ തമ്മിൽ ചർച്ചയും സംവാദവും നടത്തുന്നതിനും അക്കാഡമിക് നിലവാരവും ഗവേഷണവും ശക്തിപ്പെടുത്തുന്നതിനും വ്യവസ്ഥകളുണ്ട്. ആരോഗ്യ-വിദ്യാഭ്യാസ ഗവേഷണ രംഗത്തെ പ്രമുഖരെയാണ് ഗവേണിംഗ് കൗൺസിലിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുമ്പോൾ സർവ്വകലാശാല രൂപീകരണവും ആവശ്യമായി വരുന്നു. അക്കാഡമിക് രംഗത്തെ വളർച്ചയ്ക്കുപുറമേ റിസർച്ചിനും കൂടുതൽ ഊന്നൽ നൽകുന്നുണ്ട്. കേന്ദ്ര നിയമത്തിന്റെയും മെഡിക്കൽ

കൗൺസിൽ ഉണ്ടാക്കിയിട്ടുള്ള റെഗുലേഷൻസിന്റെയും അടിസ്ഥാനത്തിൽ നിയമപരമായി ന്യൂനപക്ഷസമുദായത്തിന് ലഭ്യമായിട്ടുള്ള അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടുമാത്രമേ പുതിയ സർവ്വകലാശാല പ്രവർത്തിക്കുകയുള്ളൂ. പാവപ്പെട്ടവർക്ക് അഡ്മിഷൻ നൽകുന്നത് സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി യുടെ ശുപാർശ പ്രകാരം സെക്ഷൻ 47-ൽ ഭേദഗതി ഉൾക്കൊള്ളിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ പ്രവർത്തനത്തിനാവശ്യമായ സർവ്വ പിന്തുണയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

110, 115, 116, 118, 119, 124, 129 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

110, 116, 129 എന്നീ നമ്പർ ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

110. After clause 2(b) the following shall be inserted as follows:-

"(c) 'Aided college or institution' means a private college or institution which is entitled to have financial assistance from the Government;"

116. In clause 2(p), for the words “municipal council or municipal corporation” occurring in both places the word “municipality” shall be substituted.

129. In clause 2(za), for the words “Health and Allied Sciences” the words “Health Sciences” shall be substituted.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>3-ാം വകുപ്പ്</u>

130-ാംനമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>4-ാം വകുപ്പ്</u>

133, 134, 135, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>5-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഒഫിഷ്യൽ ഭേദഗതി അവതരിപ്പിച്ചു

(292.) In clause 5(iv), for the words, “and promotive”, the words “curative and rehabilitative” shall be substituted.

136, 137, 138, 139, 140, 145, 153 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

139-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

139. Clause 5(iv) shall be substituted as follows :

“(iv) to promote preventive, promotive and rehabilitative aspects of health;”

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

6-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഒഫിഷ്യൽ ഭേദഗതി അവതരിപ്പിച്ചു.

(293.) " The following proviso shall be added to sub-clause (xv) of clause 6,

Provided that the recruitment to the non-teaching staff other than the officers of the University mentioned in clause-9 shall be through Kerala Public Service Commission.

159, 174, 175, 179, 185, 188 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

7-ാം വകുപ്പ്

190, 192, 198, 200 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

9-ാം വകുപ്പ്

201-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

10-ാം വകുപ്പ്

205, 206, 210, 219 ,225, 226 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

226-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

226. In the second para to clause 10 (10) for the words “The incumbent” the words “Provided that the” shall be substituted.

226-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

11-ാം വകുപ്പ്

230, 231 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

231-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

231. In clause 11(4) the words “among medical educationalists” shall be inserted in between the words “ suitable person” and “till the Pro-Vice.....”.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

13-ാം വകുപ്പ്

232-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു

20-ാം വകുപ്പ്

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു

(294.) In subclause (1) of clause 20, under “ Elected members”, after the item (vii) (n), the following shall be inserted,

“(o) one member elected from among the teachers of the affiliated private physiotherapy colleges in the state;

(p) one member elected from among the teachers of the affiliated private paramedical colleges, including in Medical Laboratory Technology, in the state;”

234, 239, 240 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

241, 242 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

241. In Sub clause (1) of clause 20 in item (iii) under ‘Nominated Members’, after the words ‘Tribes’ in last line the following may be inserted “and one from backward communities”.

242. In Sub clause (1) of clause 20 in item (iii) under ‘Nominated Members’, after the words ‘Tribes’ in last line the following may be inserted “and one from backward communities”.

239, 240 എന്നീ നമ്പർ ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

239. In Sub clause (1) of clause 20 in item (iii) under ‘Nominated Members’, after the words ‘Tribes’ in last line the following may be inserted “and one from backward communities”.

240. In Sub clause (1) of clause 20 in item (iii) under ‘Nominated Members’, after the words ‘Tribes’ in last line the following may be inserted “and one from backward communities”.

ഔദ്യോഗിക ഭേദഗതികളും 239, 240 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചു.

21-ാം വകുപ്പ്

250-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

22-ാം വകുപ്പ്

252, 254-എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

254-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

(254) In clause 22 (3) for the word "seven" substitute the word "Nine".

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

24-ാം വകുപ്പ്

258-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

25-ാം വകുപ്പ്

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു

(295) In sub-clause (2) of clause 25 may be deleted;

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

26-ാം വകുപ്പ്

260, 263, 264, 265 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>27-ാം വകുപ്പ്</u>

266-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>28-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു

(296) In sub-clause (2) of clause 28, under item d (i), for the word "Associated" the word "Associate" shall be substituted.

268-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഔദ്യോഗിക ഭേഗദതി സഭ അംഗീകരിച്ചു.

<u>29-ാം വകുപ്പ്</u>

271-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>32-ാം വകുപ്പ്</u>

273-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>35-ാം വകുപ്പ്</u>

275-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>36-ാം വകുപ്പ്</u>

276-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>38-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

In subclause (4) of clause-38, the word "Chairman" shall be substituted with the "Chairperson".

277, 278 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

278-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

(278) In clause 38(3) (iii) the word "Chairman" shall be substituted with the word "Chairperson".

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>39-ാം വകുപ്പ്</u>

279-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>47-ാം വകുപ്പ്</u>

284-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ശ്രീ. തോമസ് ചാഴികാടൻ അവതരിപ്പിച്ച 284-ാം നമ്പർ ഭേദഗതി 25-നെതിരെ 47 വോട്ടുകളോടെ സഭ നിരാകരിച്ചു.

<u>48-ാം വകുപ്പ്</u>

285-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>50-ാം വകുപ്പ്</u>

286, 287, 288 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>76-ാം വകുപ്പ്</u>

290-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

290-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

290. In clause 76 (1) for the words "a University College" the words "a Constituent College of the University" shall be substituted.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും

102, 107, 108, 109 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): 2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധ ശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി.ഡി. സതീശൻ: പി.എസ്.സി. മുഖേന നിയമനം നടത്തുന്നതു വരെയുള്ള കാലയളവിലെ യൂണിവേഴ്സിറ്റി നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ ആയിരിക്കണം. നിലവിലുള്ള നിയമനങ്ങളിലെ അപാകതകൾ പരിഹരിക്കണം. ആരോഗ്യ രംഗത്തെ പഠന ഗവേഷണങ്ങളുടെ ക്വാളിറ്റി വർദ്ധിക്കാൻ പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റിയിൽ നിന്നും ഇൻസ്പെക്ഷന് പോകുന്നവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം കോഴ്സുകൾക്ക് അംഗീകാരം നൽകണം.

ശ്രീ. തോമസ് ചാഴികാടൻ: ന്യൂനപക്ഷ വിഭാഗങ്ങൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും കൂടി പരാതി

ഇല്ലാത്തവിധം അഡ്മിഷൻ ലഭിക്കത്തക്ക പ്രൊവിഷൻ ഉണ്ടായാൽ നല്ലതാണ്.

ശ്രീ. സി.ടി. അഹമ്മദ് അലി: പി.എസ്.സി. നിയമനം നടത്തുന്നതുവരെ യൂണിവേഴ്സിറ്റി നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സംവരണതത്വം പാലിച്ചുകൊണ്ട് നടത്തണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ആശങ്കകൾക്കിടവരാത്തവിധം സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകും. നിയമനവുമായി ബന്ധപ്പെട്ട് അപാകതകളുണ്ടെങ്കിൽ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കും. പി.എസ്.സി. മുഖേനയുള്ള നിയമനം നടക്കുന്നതുവരെ ഡെപ്യൂട്ടേഷൻ വഴിയുള്ള നിയമനങ്ങൾ മാത്രമേ ഉണ്ടാകൂ. അക്കാഡമിക് തലത്തിലും ഗവേഷണ തലത്തിലും അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠന സംവിധാനം പ്രസ്തുത യൂണിവേഴ്സിറ്റിയിലുണ്ടാകും.

2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധ ശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(ii) കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ, 2010

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. ഉമ്മർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സിനിമാ-ടെലിവിഷൻ കലാകാരന്മാർക്കു പുറമേ റേഡിയോ ആർട്ടിസ്റ്റുകളെക്കൂടി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണം. സാംസ്ക്കാരിക പ്രവർത്തകരേയും ഡ്യൂപ്പുകളേയും ഡബ്ബിംഗ് ആർട്ടിസ്റ്റുകളേയും ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണം. മാപ്പിളപ്പാട്ടുകൾ ഉൾപ്പെടെയുള്ള കലകൾ എന്നത് മാപ്പിളകല എന്നാക്കി മാറ്റിയാൽ കോൽക്കളി, ദർഫ് തുടങ്ങിയ കലകളൊക്കെ ഇതിൽ ഉൾപ്പെടും. ക്ഷേമനിധിയിൽ അംഗമായിട്ടുള്ള ആൾ മരണമടഞ്ഞാൽ കുടുംബത്തിന് ധനസഹായം ലഭ്യമാകണമെങ്കിൽ മൂന്നുവർഷത്തെ അംശദായം അടച്ചിരിക്കണമെന്നുള്ളത് ഒരു വർഷത്തെ അംശദായമെന്നാക്കി മാറ്റണം. അറുപത് വയസ്സ് കഴിഞ്ഞ കലാകാരന് അംഗത്വം ലഭിക്കണമെങ്കിൽ 10 വർഷത്തെ അംശദായം ഒറ്റത്തവണയായി അടയ്ക്കണമെന്നുള്ളത് ബുദ്ധിമുട്ടുണ്ടാക്കുമെന്നതിനാൽ ഒരു വർഷത്തേയ്ക്കുള്ള അംശദായം ഒരുമിച്ച് അടയ്ക്കുന്നതിന് സൗകര്യമൊരുക്കുകയാണെങ്കിൽ ഒട്ടനവധി പേരെ ഇതിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയും. നാടൻകലാകാരന്മാർക്കും മാപ്പിള കലാകാരന്മാർക്കും ഡയറക്ടർ ബോർഡിൽ പ്രാതിനിധ്യം നൽകണം. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുമെന്നും അതുവരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനങ്ങൾ നടത്തുമെന്നും വ്യവസ്ഥ ചെയ്യണം. ഇൻകംടാക്സ് ഇളവുചെയ്തുകൊടുത്താൽ ഈ ക്ഷേമനിധിയിലേയ്ക്ക് കൂടുതൽ സംഭാവനകൾ ലഭിക്കുന്നതാണ്.

<u>ശ്രീ. പി.സി. വിഷ്ണുനാഥ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. അവശതയനുഭവിക്കുന്ന ഉന്നതരായ കലാകാരന്മാർക്ക് ആശ്വാസം നൽകുന്നതിന് ഇത്തരത്തിലൊരു ബിൽ വളരെ അനിവാര്യമായിരുന്നു. ക്ഷേമനിധി നിലവിൽ വരുന്നതോടുകൂടി അവശകലാകാരന്മാർക്ക് കൊടുത്തുകൊണ്ടിരിക്കുന്ന പെൻഷൻ നിലനിർത്തുമോയെന്നുള്ളത് സംബന്ധിച്ച് വ്യക്തതയുണ്ടാക്കണം. പെൻഷൻ തുടർന്നും നൽകുമെങ്കിൽ തുക വർദ്ധിപ്പിക്കണം. സാമൂഹികമായും സാമ്പത്തികമായും അവശത അനുഭവിക്കുന്നതുകൊണ്ട് അവശകലാകാരന്മാർ എന്ന പ്രയോഗം ഒഴിവാക്കണം. കലയ്ക്കുവേണ്ടി ജീവിതം മാറ്റിവച്ച കലാകാരന്മാരെ സംരക്ഷിക്കാനുള്ള സാമൂഹ്യമായ ഉത്തരവാദിത്വം ഗവൺമെന്റിനുണ്ട്. മിമിക്രി കലാകാരന്മാരെക്കൂടി ഈ ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ കൊണ്ടുവരണം. സിനിമാ മേഖലയിൽനിന്നുള്ള ആളുകളുടെ അതിപ്രസരം ഡയറക്ടർ ബോർഡിലുണ്ട്. മറ്റ് മേഖലകളിൽ നിന്നും കൂടുതൽ ആളുകളെ ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തണം. സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗീകരിച്ച ലൈബ്രേറിയന്മാരെക്കൂടി ഈ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരണം. ഡയറക്ടർ ബോർഡിൽ കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തണം. സംസ്ഥാനത്ത് ഫിലിം ഫെസ്റ്റിവൽ നടത്താൻ സ്ഥിര സംവിധാനമായി വരുന്ന സ്ഥലം ബാലഭവനായി മാറുമ്പോൾ ഇപ്പോഴുള്ള ബാലഭവൻകൂടി സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പ്രൊഫ. സി. രവീന്ദ്രനാഥിനുവേണ്ടി <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള കേരള സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ, 2010 പൊതുജനാഭിപ്രായം നേടുന്നതിനായി

സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇൻഡ്യയിലാദ്യമായിട്ടാണ് കലാകാരന്മാരേയും സാഹിത്യകാരന്മാരേയും സാംസ്ക്കാരിക പ്രവർത്തകരേയും ഉൾപ്പെടുത്തി ഒരു ക്ഷേമനിധിയുണ്ടാക്കുന്നത്. ഗ്രന്ഥശാലകൾ സമൂഹത്തിലുണ്ടാക്കിയ മാറ്റം വളരെ വലുതാണ്. പത്തുകൊല്ലം ഗ്രന്ഥശാലാസംഘത്തിന്റെ ഭാരവാഹിത്വത്തിൽ ഉൾപ്പെട്ടിരുന്നവരെക്കൂടി ക്ഷേമനിധിയിൽ ഉൾപ്പെടുത്തണം. സംസ്ഥാന ലൈബ്രറി കൗൺസിലിലെ ഒരു പ്രതിനിധിയെക്കൂടി ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തണം. കുറഞ്ഞത് മൂന്നുവർഷമെങ്കിലും അംശദായമടയ്ക്കുന്ന അംഗത്തിന്റെ കുടുംബത്തിന് പെൻഷൻ നൽകുമെന്നുള്ള വ്യവസ്ഥ ഒരു വർഷമാക്കി കുറയ്ക്കണം. സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധിയുടെ ആസ്ഥാനം തൃശൂരിലേയ്ക്ക് മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കണം. കളരിപ്പയറ്റ് കലാകാരന്മാരെക്കൂടി ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തണം. ഇങ്ങനെയൊരു നിയമമുണ്ടാക്കാനും ക്ഷേമനിധി കൊണ്ടുവരാനും കഴിഞ്ഞത് സ്വാഗതാർഹമാണ്. കലാമണ്ഡലത്തിൽ വള്ളത്തോൾ ചെയർ ആരംഭിക്കുകയും അതൊരു ഡീംഡ് യൂണിവേഴ്സിറ്റിയാക്കി മാറ്റുകയും ചെയ്തു. അതിന്റെ പ്രവർത്തനത്തിനാവശ്യമായ അടിയന്തിരസഹായം ലഭ്യമാക്കുകയും ആവശ്യമായ സ്റ്റാഫിനെ നിയമിക്കുകയും ചെയ്യണം. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചരിത്രത്തിൽ ഏറ്റവുംകൂടുതൽ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച ഒരു കാലഘട്ടമാണിത്. നൃത്തവിദ്യാർത്ഥികൾക്ക് ഗവേഷണത്തിനടക്കം ഗുരുഗോപിനാഥ് ഡാൻസ് മ്യൂസിയത്തിന് ഏഴ് കോടി രൂപ നീക്കിവച്ചതും സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ പുസ്തകോൽസവം സംഘടിപ്പിക്കാനും കലാഗ്രാമം സ്ഥാപിക്കാനുള്ള ശ്രമം നടത്താനും ആധുനിക വിജ്ഞാപന വ്യാപനകേന്ദ്രം തിരുവനന്തപുരത്ത് സ്ഥാപിക്കാനും സാധിച്ചതും സ്വാഗതാർഹമാണ്. സാംസ്കാരിക

മേഖലയെയാകെ പരിപോഷിപ്പിക്കുന്ന വിധത്തിലുള്ള ക്ഷേമനിധിയാണ് കൊണ്ടുവന്നിട്ടുള്ളത്. അവശകലാകാരന്മാർ എന്നത് സർഗ്ഗകലാകാരന്മാർ എന്നാക്കി മാറ്റുന്ന കാര്യം കൂടി പരിഗണിക്കണം. ഗ്രന്ഥശാലാ പ്രവർത്തക രിൽ നിന്നുള്ള ഒരു പ്രതിനിധിയെക്കൂടി ഡയറക്ടർ ബോർഡിൽ ഉൾപ്പെടു ത്തണം.

ശ്രീ. എം. മുരളി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള കേരള സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ 2010 വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കലാകാരന്മാരുടെ ജീവിതത്തിന് സംരക്ഷണം നൽകാനായി കൊണ്ടുവന്ന ബില്ലിനെ സ്വാഗതം ചെയ്യുന്നു. കേരളത്തിലെ സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്ന കലാകാരന്മാർക്കും അനുബന്ധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മറ്റും പെൻഷൻ ഉൾപ്പെടെയുള്ള ഒരു ക്ഷേമനിധി വേണമെന്ന ആവശ്യം വർഷങ്ങളായി ഈ നിയമസഭയിൽ ഉയർന്നുവന്നിട്ടുള്ളതാണ്. അവശകലാകാരന്മാർക്കുള്ള പെൻഷനുവേണ്ടി പതിനായിരക്കണക്കിന് അപേക്ഷകളാണ് സംഗീതനാടക അക്കാഡമിയിൽ ലഭിച്ചുകൊണ്ടിരുന്നത്. എന്നാൽ രണ്ടായിരത്തിൽ താഴെ ആളുകൾക്ക് മാത്രമേ ഇതിന്റെ ആനുകൂല്യം ലഭിച്ചിരുന്നുള്ളൂ. ഈ സമീപനം മാറണം. കേരളത്തിന്റെ ക്ലാസിക്കൽ കലകളിലും സാഹിത്യ-സാംസ്ക്കാരികരംഗവു മായും ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർക്ക് ഈ ക്ഷേമനിധിയിൽ അംഗത്വം സ്വീകരിക്കാം എന്നുള്ളത് വളരെയധികം ആശ്വാസകരമാണ്. ഓരോരോ കലാരംഗവും പ്രത്യേകം പറഞ്ഞില്ലെങ്കിലും ഭാവിയിൽ ഈ രംഗങ്ങളി ലൊക്കെ പ്രവർത്തിച്ച കലാകാരന്മാരുടെ അപേക്ഷ വന്നാൽ ഗവൺമെന്റിന്

അല്ലെങ്കിൽ ക്ഷേമനിധി ബോർഡിന് അത് പരിഗണിക്കാനും ഉൾക്കൊള്ളിക്കാനുമുള്ള അധികാരം നൽകണം. ജീവിതം കലയ്ക്കും സാഹിത്യത്തിനും വേണ്ടി ഉഴിഞ്ഞുവച്ച കലാകാരന്മാരെ മുഴുവൻ വരുമാനപരിധി വയ്ക്കാതെ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരണം. ജീവിത മാർഗ്ഗമില്ലാത്തവരാണ് ക്ഷേമനിധിയിൽ അംഗമാകാനും പെൻഷൻ സ്വീകരിക്കാനും വരുന്നത്. അംശദായത്തിനായി ബില്ലിൽ രണ്ടു-മൂന്ന് സ്ലാബുകൾ വച്ചിട്ടുള്ളതുകൊണ്ട് ദോഷമൊന്നുമില്ല. നാടകത്തിൽ അഭിനയിക്കുന്ന കലാകാരെക്കാളും കൂടുതൽ വരുമാനം ലഭിക്കുന്ന മെഗാസ്റ്റാർ ഉൾപ്പെടെയുള്ള ചലച്ചിത്ര കലാകാരന്മാരിൽ നിന്നും കലാരംഗത്തും സാംസ്ക്കാരിക രംഗത്തും പ്രവർത്തിക്കുന്നവരുടെ ഭാവി ജീവിതം ഉറപ്പുവരുത്താൻവേണ്ടി വ്യവസ്ഥാപിതമായി ഈ ക്ഷേമനിധിക്കുവേണ്ടി പിരിച്ചെടുക്കാവുന്ന തുകയ്ക്ക് ഒരു സെസ്സ് ഏർപ്പെടുത്തുകയും ക്ഷേമനിധിയിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യാം. ക്ഷേമനിധിയിലേയ്ക്കുള്ള പണം സ്വരൂപിക്കുന്നതിന്റെ ഭാഗമായി തിയേറ്ററുകളിൽ ടിക്കറ്റ് ചാർജ്ജ് വർദ്ധിപ്പിക്കുന്നത് സിനിമാ വ്യവസായത്തെ തളർത്തും. സിനിമാ ടിക്കറ്റിനുമേൽ സർചാർജ് ഏർപ്പെടുത്തുന്ന നിർദ്ദേശം ബില്ലിൽ നിന്നും ഒഴിവാക്കണം. ഇപ്പോൾ അവശ കലാകാരന്മാരായ 2000 പേർക്ക് മാത്രമേ പെൻഷൻ നൽകുന്നുള്ളൂവെങ്കിലും ക്ഷേമനിധിയുടെ അംഗത്വ പ്രചരണവും എൻറോൾമെന്റും ആരംഭിച്ചുകഴിഞ്ഞാൽ പതിനായിരക്കണക്കിന് കലാകാരന്മാരും സാഹിത്യപ്രവർത്തകരും ഇതിലേയ്ക്ക് വരും. അവർക്ക് മിനിമം ആയിരം രൂപയെങ്കിലും പ്രതിമാസ പെൻഷൻ നൽകാൻ സാധിച്ചില്ലെങ്കിൽ ക്ഷേമനിധിയും പെൻഷൻ പദ്ധതിയും നോക്കുകുത്തിയായി മാറും.

അംശദായം പിരിക്കുന്നു എന്നുള്ളതൊഴിച്ചാൽ പല ക്ഷേമനിധികളുടേയും പ്രയോജനം തൊഴിലാളികൾക്ക് ലഭ്യമാകുന്നില്ല. അങ്ങനെയുള്ള സാഹചര്യം ഈ ക്ഷേമനിധിക്ക് ഉണ്ടാകാൻ പാടില്ല. ക്ഷേമനിധി രൂപീകരിക്കുന്നതിൽ കാണിക്കുന്ന താൽപ്പര്യം അത് ലക്ഷ്യപ്രാപ്തിയിലെത്തിക്കുന്നതിലുമുണ്ടാകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): ഇൻഡ്യയിലെ മറ്റൊരു സംസ്ഥാനത്തും ഇതുപോലെ സാംസ്ക്കാരിക മേഖലയ്ക്ക് സമാനമായ ഒരു ക്ഷേമനിധി പദ്ധതി നിലവിലില്ല. സാംസ്ക്കാരിക രംഗത്തെ മിക്കവാറും പ്രവർത്തകരെ ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയത്തക്ക രൂപത്തിലാണ് ബിൽ തയ്യാറാക്കിയിട്ടുള്ളത്. ഖണ്ഡം 2 (ഡി)-ൽ ടെലിവിഷൻ എന്ന വാക്കിന് പകരം ഇലക്ട്രോണിക് മാധ്യമം എന്ന വാക്ക് ചേർക്കാവുന്നതാണ്. ഇലക്ട്രോണിക് മാധ്യമത്തിൽ ടെലിവിഷനും എല്ലാതരം റേഡിയോ നിലയങ്ങളും കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള സാംസ്ക്കാരിക വിനിമയങ്ങളും സാധ്യമാണ്. ഈ പദ്ധതി നടപ്പാകുന്ന മുറയ്ക്ക് ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് ഏതെല്ലാം ഇതിൽ കൂടുതലായി ഉൾപ്പെടുത്താമെന്ന് തീരുമാനിക്കാവുന്നതാണ്. കലകളുടെ കൂട്ടത്തിൽ അനുകരണകലയെ ഉൾക്കൊള്ളിക്കണമെന്ന ഭേദഗതി പരിഗണിക്കാവുന്നതാണ്. സംസ്ഥാനത്തെ ബാലഭവനുകളുടെ വികസനത്തിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സാംസ്ക്കാരിക രംഗത്തെ അതിപ്രശസ്തരടങ്ങുന്ന സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ക്ഷേമനിധി ബോർഡിന്റെ ആസ്ഥാനം തലസ്ഥാനത്ത് ആയിരിക്കണമെന്ന നിർദ്ദേശമാണ് ഇപ്പോൾ വന്നിട്ടുള്ളത്. ഉപ ഓഫീസുകൾ

ഉത്തരകേരളത്തിലും മദ്ധ്യകേരളത്തിലും സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. കലാകാര പെൻഷൻ ഈ ക്ഷേമനിധിയിൽ ലയിപ്പിക്കുന്നതാണ്. ഈ സർക്കാർ, കലാകാര പെൻഷൻ വാങ്ങുന്നവരുടെ എണ്ണവും കലാകാര പെൻഷൻ തുകയും വർദ്ധിപ്പിച്ചിട്ടുണ്ട്. സാങ്കേതിക തടസ്സങ്ങൾ ഉണ്ടാകാത്ത രീതിയിലായിരിക്കും ഈ പദ്ധതിയുടെ ക്രമീകരണങ്ങൾ രൂപപ്പെടുത്തുന്നത്. സർക്കസ് കലാകാരന്മാരെക്കൂടി ഈ ക്ഷേമനിധിയിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം അംഗീകരിക്കാവുന്നതാണ്. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

250. ഖണ്ഡം 2 (ഡി)-ൽ ''ഏർപ്പെട്ടിരിക്കുന്ന ഏതൊരാളും'' എന്നീ വാക്കുകൾക്ക് പകരം ''ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിരിക്കുന്നവരോ ആയ ഏതൊരാളും'' എന്നീ വാക്കുകൾ ചേർക്കുക.

107. ഖണ്ഡം 2 (ഡി)-ൽ ഒന്നാം വരിയിൽ ''ടെലിവിഷൻ'' എന്നത് ഒഴിവാക്കി പകരം ''ഇലക്ട്രോണിക് മാധ്യമം'' എന്നു ചേർക്കുക.

110. ഖണ്ഡം 2 (ഡി)-ൽ 'നാടകം, സംഗീതം' എന്നീ വാക്കുകൾക്കുശേഷം 'അനുകരണകല' എന്ന വാക്ക് ചേർക്കുക.

112. ഖണ്ഡം 2 (ഡി)-ൽ 'സെമിക്ലാസ്സിക്കൽ കലകൾ' എന്നതിനു ശേഷം 'അനുഷ്ഠാന കലകൾ, നാടൻപാട്ടുകൾ, മേക്കപ്പ്' എന്നീ വാക്കുകൾ ചേർക്കുക .

113. ഖണ്ഡം 2 (ഡി)-ൽ 'മാജിക്' എന്ന വാക്കിനുശേഷം 'സർക്കസ്, മാർഗ്ഗംകളി, ചവിട്ട് നാടകം' എന്നീ വാക്കുകൾ ചേർക്കുക.

114. ഖണ്ഡം 2 (ഡി)-ൽ 'പുരാണപാരായണം' എന്ന വാക്കിനുശേഷം 'ബൈബിൾ പാരായണം, ഖുറാൻ പാരായണം' എന്നീ വാക്കുകൾ ചേർക്കുക.

124. ഖണ്ഡം 2 (ഐ)-ൽ ''പ്രവർത്തന ക്ഷേമനിധി'' എന്നീ വാക്കുകൾക്ക് പകരം ''പ്രവർത്തക ക്ഷേമനിധി'' എന്നീ വാക്കുകൾ ചേർക്കുക.

126. ഖണ്ഡം 2 (പി)-ൽ ''നിർണ്ണയിക്കപ്പെട്ടത്'' എന്ന വാക്കിന് പകരം ''നിർണ്ണയിക്കപ്പെട്ട'' എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 2 (ഡി)-ൽ ''ഏർപ്പെട്ടിരിക്കുന്ന ഏതൊരാളും'' എന്നീ വാക്കുകൾക്കുപകരം ''ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിരുന്നവരോ ആയ ഏതൊരാളും'' എന്നീ വാക്കുകൾ ചേർക്കുക.

108, 109, 111, 115, 115 A, 117, 119, 120, 125 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

109. ഖണ്ഡം 2 (ഡി)-ൽ 'നാടകം, സംഗീതം' എന്നീ വാക്കുകൾക്കുശേഷം ''കഥകളി, ഗാനമേള'' എന്നീ വാക്കുകൾ ചേർക്കുക

111. ഖണ്ഡം 2 (ഡി)-ൽ 'ക്ലാസ്സിക്കൽ കലകൾ' എന്നതിനുപകരമായി 'അനുഷ്ഠാന കലകൾ' എന്ന് ചേർക്കുക.

115. ഖണ്ഡം 2 (ഡി)-ൽ 'മാപ്പിളപ്പാട്ട്' എന്ന വാക്കിനുശേഷം ''നാടൻപാട്ടുകൾ'' എന്ന വാക്ക് ചേർക്കുക.

115 A. ഖണ്ഡം 2 (ഡി)-ൽ ''മാപ്പിളപ്പാട്ട് ഉൾപ്പെടെയുള്ള കലകൾ'' എന്നത് ''മാപ്പിളകലകൾ'' എന്ന് മാറ്റുക.

117. ഖണ്ഡം 2 (ഡി)-ൽ ''സാഹിത്യം സംസ്കാരം'' എന്നതിനുശേഷം ''അതുപോലെ'' എന്നതിനുമുമ്പായി ''സാംസ്കാരിക പ്രഭാഷണം'' എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

116-ലെ ''കോസ്റ്റ്യൂം ഡിസൈനിംഗ്' എന്ന വാക്കിനുപകരം ''വസ്ത്രരൂപ കൽപ്പന'' എന്ന വാക്ക് ചേർത്തും എഫ്.എം. റേഡിയോ എന്ന വാക്ക് ഒഴിവാക്കിയും താഴെപ്പറയുംപ്രകാരം ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

ഖണ്ഡം 2 (ഡി)-ൽ ''ശബ്ദവും വെളിച്ചവും'' എന്നീ വാക്കുകൾക്ക് ശേഷം ''വസ്ത്രരൂപകൽപ്പന, പരസ്യകല, പെയിന്റിംഗ്, കോമ്പിയറിംഗ്, ഫോട്ടോഗ്രാഫി'' എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>3-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

127. ഖണ്ഡം 3(4)(എ)-ൽ രണ്ടാമത് ഖണ്ഡികയായി “അറുപത് വയസ്സ് പൂർത്തിയായിട്ടുള്ളതും അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവി ലേയ്ക്ക് തുടർച്ചയായോ ഒറ്റത്തവണയായോ അംശദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള മുഴുവൻ ആനുകൂല്യങ്ങൾ നൽകു ന്നതിന്“ എന്നുകൂടി ചേർക്കുക.

128. (i) ഖണ്ഡം 3(4) (ബി)-ൽ “പതിനഞ്ച്“ എന്നതിനെ "രണ്ട്" എന്നാക്കി മാറ്റുക.

(ii) ഖണ്ഡം 3(4) (സി)-ൽ “വൈദ്യസഹായം“ എന്നതിനെ “ധനസഹായം“ എന്നാക്കി മാറ്റുക.

156. ഖണ്ഡം 3(4) (എഫ്)-ൽ “രണ്ട് വർഷമെങ്കിലും“ എന്നതിനു പകരം “ഒരു വർഷം“ എന്ന് ചേർക്കുക.

160. ഖണ്ഡം 3(4) (ജി) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക

(ജി) ‘നിധിയിലെ ഒരംഗം മരണമടഞ്ഞാൽ കുടുംബത്തിന് ധന സഹായം നൽകുന്നതിന്'

152, 153, 154 എന്നീ നമ്പർ ഭേദഗതികൾ ലയിപ്പിച്ച് ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

152. ഖണ്ഡം 3(4) (ഇ)-ൽ “കുറഞ്ഞത് ഒരു വർഷമെങ്കിലും" എന്നീ വാക്കുകൾക്കുപകരം “മൂന്ന് മാസത്തിൽ കൂടുതൽ" എന്നീ വാക്കുകൾ ചേർക്കുക.

153. ഖണ്ഡം 3(4) (ഇ)-ൽ "ഒരു വർഷമെങ്കിലും" എന്നതിനുപകരം "ആറ് മാസമെങ്കിലും" എന്ന് ചേർക്കുക.

154. ഖണ്ഡം 3(4) (ഇ) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക.

"(ഇ) നിധിയിലേയ്ക്ക് മൂന്നു മാസത്തിൽ കൂടുതൽ തുടർച്ചയായി അംശ ദായം അടച്ചിട്ടുള്ള വനിതാ അംഗങ്ങൾക്ക് പ്രസവാനുകൂല്യവും മറ്റ് എല്ലാ തരം നിയമപരമായ ഗർഭാവസ്ഥ ചികിത്സാ സഹായവും നൽകുന്നതിന്''

130, 132, 133, 134, 135, 136, 138, 140, 142, 143, 145, 148, 151, 158, 159, 164, 166 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

132. ഖണ്ഡം 3(2) (ii)-ൽ "ഏതെങ്കിലും'' "അല്ലെങ്കിൽ'' എന്നീ വാക്കുകൾ നീക്കം ചെയ്യുക.

138. ഖണ്ഡം 3(2) (viii)-ന് ശേഷമുള്ള ഇനം "xi'' എന്നത് "(ix)" എന്നാക്കി മാറ്റുക.

139. ഖണ്ഡം 3(2)-ൽ (ix)-ാം ഇനത്തിനുശേഷം താഴെപ്പറയുന്ന പുതിയ ഇനം ചേർക്കുക.

> "(x) നിധി ശേഖരണത്തിനായി നടത്തുന്ന കലാ സാംസ്ക്കാരിക പരിപാടികളിലൂടെ സ്വരൂപിക്കുന്ന തുക''

151. ഖണ്ഡം 3(4) (ഡി)-ൽ "അവശതമൂലം'' എന്ന വാക്കിനുശേഷം "അല്ലെങ്കിൽ അംഗവൈകല്യംമൂലം'' എന്നീ വാക്കുകൾ ചേർക്കുക.

158–ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന രീതിയിൽ ഭേദഗതിയോടെ സ്വീകരിക്കുന്നു.

158. ഖണ്ഡം 3(4) (ജി)-ൽ ''കുറഞ്ഞത് മൂന്നുവർഷമെങ്കിലും തുടർച്ച യായി അംശദായം അടച്ചിട്ടുള്ള അംഗം'' എന്നതിന് പകരം ''അംഗ മായിച്ചേർന്ന ഏതൊരാൾക്കും അവർ'' എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>4–ാം വകുപ്പ്</u>

173–ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>6–ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

178. ഖണ്ഡം 6(2)-ൽ "ചിത്രസംയോജകനും'' എന്ന വാക്കിനുശേഷം "ഗാനരചയിതാവും, ക്യാമറാസംവിധായകനും'' എന്നീ വാക്കുകൾ കൂട്ടി ചേർക്കുക.

179, 182, 186, 190, 191 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>7–ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു. 192. (i) ഖണ്ഡം 7(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "പത്ത് വർഷത്തെ''
എന്നതിന് പകരം "അഞ്ച് വർഷത്തെ'' എന്ന് ചേർക്കുക.

(ii) ഖണ്ഡം 7(3)-ൽ "പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെട്ട അങ്ങനെയുള്ള കാലയളവിനുള്ളിലും അങ്ങനെയുള്ള രീതിയിലും" എന്നതിനുപകരം "പദ്ധതിയിൽ നിർദ്ദേശിക്കുന്ന നിശ്ചിത രീതിയിലും കാലയളവിനുള്ളിലും ഏറ്റവും കുറഞ്ഞ പെൻഷൻ ലഭിക്കുന്നതിനായി" എന്ന് ചേർക്കുക.

193, 195 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>8-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

202. (i) ഖണ്ഡം 8(4) (ബി)-ൽ 'ടെലിവിഷൻ ' എന്നതിനുപകരം 'ഇലക്ട്രോണിക് മാധ്യമം' എന്ന് ചേർക്കുക.

(ii) ഖണ്ഡം 8(4) (ജെ)-ൽ 'കേരള അക്കാഡമി' എന്നതിനുപകരം 'കേരള സാഹിത്യ അക്കാഡമി ' എന്ന് ചേർക്കുക.

(iii) ഖണ്ഡം 8(10) ആയി താഴെപ്പറയും പ്രകാരം പുതുതായി ചേർക്കുക :

'നിധിയുടെ സുഗമമായ നടത്തിപ്പിനായി ബോർഡ് (എ) സാഹിത്യം, സംസ്ക്കാരം തുടങ്ങിയവ (ബി) സംഗീതം, നാടകം, ചിത്രകല, നാടൻകല തുടങ്ങിയവ (സി) ചലച്ചിത്രം (ഡി) ഇലക്ട്രോണിക് മാധ്യമങ്ങളും കലകളും എന്നിങ്ങനെ നാല് ഉപസമിതികൾ രൂപീകരിക്കേണ്ടതാണ്. ഉപസമിതികൾക്ക് ചെയർമാനും രണ്ട് അംഗങ്ങളും ഉണ്ടാകാവുന്നതാണ്. ബന്ധപ്പെട്ട മേഖല

യിലെ പദ്ധതികൾക്കുള്ള ശുപാർശ സമർപ്പിക്കേണ്ടത് ഈ ഉപസമിതികളാണ്.'

215. ഖണ്ഡം 8(4) (എഫ്)-ൽ "പ്രതിനിധീകരിച്ച്" എന്ന വാക്കിനു ശേഷം " ജോയിന്റ് സെക്രട്ടറി പദവിയിലുള്ള" എന്നീ വാക്കുകൾ ചേർക്കുക.

203, 204, 207, 209, 210, 211, 212, 214, 220, 221, 222, 223, 224 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു

210, 214, 220, 224 എന്നീ നമ്പർ ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

210. ഖണ്ഡം 8(4)(-സി)-ൽ 'സംഗിതം' എന്ന വാക്കിനുപകരം 'സംഗീതം' എന്ന വാക്ക് ചേർക്കുക.

214. ഖണ്ഡം 8(4) (ഇ)-ൽ " പ്രതിനിധീകരിച്ച് " എന്ന വാക്കിനു ശേഷം "ജോയിന്റ് സെക്രട്ടറി പദവിയിലുള്ള" എന്നീ വാക്കുകൾ ചേർക്കുക.

220. ഖണ്ഡം 8(4)-ൽ (ഡി) മുതൽ (എം) വരെയുള്ള ഔദ്യോഗിക അംഗങ്ങളുടെ ലിസ്റ്റിന് പകരം താഴെപ്പറയുന്ന വാക്കുകൾ ചേർക്കുക.

(എഫ്) ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ റാങ്കിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ".

224. ഖണ്ഡം 8(9)-ന് ശേഷം ക്ലിപ്ത നിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.

"എന്നാൽ, കാലാവധി പൂർത്തിയാക്കിയ ഒരു അനൗദ്യോഗിക ഡയറക്ടർക്ക് വീണ്ടും ഒരു തവണ കൂടി തുടരുന്നതിന് അയോഗ്യത ഉണ്ടായിരിക്കുന്നതല്ല."

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി 19-നെതിരെ 55 വോട്ടുകളോടെ സഭ നിരാകരിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

<u>9-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

225. ഖണ്ഡം 9-ൽ " അനൗദ്യോഗിക" എന്ന വാക്ക് ഒഴിവാക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

228. ഖണ്ഡം9-ൽ " മൂന്നുവർഷമായിരിക്കുന്നതാണ്" എന്നതിനുപകരം " നാലുവർഷമായിരിക്കുന്നതാണ്" എന്നു ചേർക്കുക.

227-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>10-ാം വകുപ്പ്</u>

229, 231, 232 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

231-ാം നമ്പർ ഭേദഗതി, താഴെപ്പറയും പ്രകാരം ഭേദഗതിയോടുകൂടി സ്വീകരിച്ചു.

231 ഖണ്ഡം 10(3)-ൽ "ഉടൻതന്നെ" എന്ന വാക്കിനുപകരമായി "മൂന്നുമാസങ്ങൾക്കുളളിൽ" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

11-ാം വകുപ്പ്

235, 236, 237 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

12-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

238. ഖണ്ഡം 12 (ബി)-ൽ " പിൻബലവും പ്രോൽസാഹനവും" എന്നീ വാക്കുകൾക്കുശേഷം " പ്രചോദനവും " എന്ന വാക്ക് കൂടി ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

13-ാം വകുപ്പ്

240, 242 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. ബി. ബാബുപ്രസാദ് അവതരിപ്പിച്ച 240-ാം നമ്പർ ഭേദഗതി 17-നെതിരെ 55 വോട്ടുകളോടെ സഭ നിരാകരിച്ചു.

17-ാം വകുപ്പ്

246-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

1-ാം വകുപ്പും പീഠികയും പേരും

105-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

105-ാം എന്നീ നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

105. പീഠികയിൽ "ഏർപ്പെട്ടിരിക്കുന്ന" എന്ന വാക്കിനുപകരം "ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിരുന്നവരോ ആയ" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ, 2010 പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ബാബു: കേരളത്തിലെ എല്ലാ വിഭാഗം കലാകാരന്മാരും ഉൾപ്പെടുന്ന ഒരു ക്ഷേമനിധിക്കാണ് ഈ ബില്ലിലൂടെ രൂപം നൽകിയിരിക്കുന്നത്. ഈ ക്ഷേമനിധിയിൽ സർക്കാരിന്റെ വിഹിതം വളരെ കുറവും അപേക്ഷകരുടെ എണ്ണം കൂടുതലുമാണ്. ക്ഷേമനിധിയിൽ ഒരു ദിവസം അംഗമായാലും അവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാകാനുള്ള വ്യവസ്ഥ ഈ നിയമത്തിലുണ്ട്. ഈ ക്ഷേമനിധിയിലൂടെ അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭ്യമാക്കാനും ഇവിടത്തെ നിയമനങ്ങൾ സുതാര്യമാക്കാനും ശ്രദ്ധിക്കണം.

പ്രൊഫ. എൻ. ജയരാജ്: കേരളത്തിലെ വിവിധ കലാസാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്ന പ്രവർത്തകർക്ക് ആശ്വാസം നൽകുന്നിനുവേണ്ടിയുള്ള നിയമനിർമ്മാണമാണിത്. സാംസ്കാരിക പ്രവർത്തനത്തിന്റെ പിന്നാമ്പുറങ്ങളിൽ അറിയപ്പെടാതെ പോകുന്ന ഒട്ടനവധി ആളുകൾക്ക് ഭാവിയിൽ സമാശ്വാസം നൽകാൻ

ഇതിലൂടെ സഹായിക്കും. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്ന കാര്യത്തിൽ വളരെ ലിബറലായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. സി.ടി. അഹമ്മദ് അലി: കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ പാസ്സാകുന്ന ഈ സന്ദർഭത്തിൽ മന്ത്രി ഉദാരമായ സമീപനമാണ് കൈക്കൊണ്ടത്. അംഗങ്ങൾക്കെല്ലാം ക്ഷേമനിധിയിലൂടെ ആശ്വാസം എത്തിക്കുകയും നിരവധി ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകുകയും ചെയ്യും. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയോ ഡെപ്യൂട്ടേഷൻ വഴിയോ ആയിരിക്കണം ജീവനക്കാരെ നിയമിക്കേണ്ടത്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഈ ക്ഷേമനിധിക്കാവശ്യമായ ഫണ്ട് ഗവൺമെന്റ് കണ്ടെത്തുന്നതാണ്. ഈ ക്ഷേമപദ്ധതിയുടെ വിനിയോഗത്തിനായി വിവിധ സ്രോതസ്സുകളിൽനിന്നും ഒരു വർഷം 7 കോടിയോളം രൂപ ലഭ്യമാകുമെന്നാണ് കണക്കാക്കപ്പെടുന്നത്. സംസ്ഥാനത്ത് സാമ്പത്തികമായ സംരക്ഷണവും ആശ്വാസവും ആവശ്യമുള്ള ഒരു ജനവിഭാഗവും സാമൂഹ്യ സംരക്ഷണ സംവിധാനത്തിന്റെ പുറത്താകാൻ പാടില്ല എന്ന കാഴ്ചപ്പാടോടു കൂടിയാണ് ഈ സർക്കാർ വിവിധ ക്ഷേമപദ്ധതികൾ നടപ്പാക്കുന്നത്. ഈ ക്ഷേമപദ്ധതി വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ കൂട്ടായ പരിശ്രമത്തിലൂടെ കഴിയും.

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കി.

(iii) 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ): 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ക്ഷേമനിധിയിലെ ഒരംഗത്തിന് നൽകാവുന്ന തുക മൂന്ന് ലക്ഷം രൂപയിൽ നിന്ന് അഞ്ച് ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്ന ഭേദഗതി നിർദ്ദേശമാണ് ഈ ബില്ലിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. വിവിധ അഭിഭാഷക സംഘടനകളുമായും കേരള ബാർ കൗൺസിലുകളുമായും നടത്തിയ ചർച്ചകളുടേയും സബ്ജക്ട് കമ്മിറ്റിയിൽ ഉയർന്നുവന്ന അഭിപ്രായങ്ങളുടേയും അടിസ്ഥാനത്തിലാണ് ഈ ഭേദഗതി നിയമം കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ.എം.എം.മോനായി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ക്ഷേമനിധിയിലെ ഒരംഗത്തിന് നൽകാവുന്ന തുക മൂന്ന് ലക്ഷം രൂപയിൽ നിന്ന് അഞ്ച് ലക്ഷം രൂപയാക്കി ഉയർത്തിയത് അഭിനന്ദനാർഹമാണ്.

1980-ലെ ആക്റ്റിലെ ഷെഡ്യൂൾ പ്രകാരം 30 വർഷത്തെ പ്രാക്ടീസ് ഉള്ള അഭിഭാഷകനു മാത്രമേ 300000 രൂപ കിട്ടുമായിരുന്നുള്ളൂ; ഇപ്പോൾ 32 വർഷത്തെ പ്രാക്ടീസ് ഉള്ള അഭിഭാഷകന് 5 ലക്ഷം രൂപ കിട്ടും. എങ്കിലും അന്നത്തെ ഷെഡ്യൂൾ പ്രകാരം 15 വർഷത്തിനു താഴെ പ്രാക്ടീസുള്ള അഭിഭാഷകനും 300000 രൂപ കിട്ടുമായിരുന്നു. എന്നാൽ ഈ നിയമം വരുന്നതോടെ ഷെഡ്യൂൾ ഇല്ലാതാകുകയാണ്. അതിനാൽ 10 വർഷത്തിനിടയ്ക്ക് പ്രാക്ടീസ് നിർത്തി പോകുന്ന അഭിഭാഷകന് അദ്ദേഹം അടച്ച തുകയും അതിന് ആറ് ശതമാനം പലിശയും ഉൾപ്പെടെയുള്ള തുകയും മാത്രമേ കിട്ടുകയുള്ളൂവെന്നുവരുന്നത് നിലവിലുണ്ടായിരുന്ന ആനുകൂല്യങ്ങൾ കവർന്നെടുക്കുന്ന സ്ഥിതിവിശേഷമാകുമെന്നതിനാൽ ഷെഡ്യൂൾ പുന:സ്ഥാപിക്കണം. നേരത്തേ അംഗത്തിന്റെ ഡിപ്പെന്റൻസിന് കിട്ടിക്കൊണ്ടിരിക്കുന്നത് 5000 രൂപയാണ്. 5000 രൂപയുടെ ആനുകൂല്യത്തിൽനിന്നും ഡിപ്പെന്റൻസിനെ ഒഴിവാക്കിയത് പുന:പരിശോധിക്കണം. സമൂഹത്തിൽ സുപ്രധാനമായ സ്ഥാനമാണ് അഭിഭാഷകർക്കുള്ളത്. സമൂഹവളർച്ചയിൽനിന്നും അഭിഭാഷക സമൂഹത്തെ ഒഴിവാക്കുന്നത് ശരിയല്ല.

<u>ശ്രീ. വി.ഡി. സതീശൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ചെലവിനെ സംബന്ധിച്ച് പരിശോധന നടത്താതെ മുൻകാല പ്രാബല്യത്തോടുകൂടി ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകുന്നത് ക്ഷേമനിധി ബോർഡ് തന്നെ ഇല്ലാതാകുന്ന അവസ്ഥയുണ്ടാക്കും. അഞ്ചു ലക്ഷം മുതൽ

പത്തു ലക്ഷം രൂപവരെയുള്ള ആനുകൂല്യം നൽകാനായി നിശ്ചയിച്ചെങ്കിലും അത്രയും തുക കൊടുക്കാൻ പറ്റുമോ എന്ന് പരിശോധിച്ചിട്ടില്ല. നിലവിൽ ഏതാണ്ട് 150 പേർക്ക് ആനുകൂല്യം കൊടുക്കാനുള്ള ഫണ്ട് മാത്രമേ ഈ നിധിയിലുള്ളൂ. ഈ ക്ഷേമനിധിയുടെ പ്രധാന വരുമാന സ്രോതസ്സ് അഡ്മിഷൻ ഫീ മാത്രമാണ് ഏറ്റവും കൂടുതൽ അപ്പീൽ ഫയൽ ചെയ്യുന്നതും അഫിഡവിറ്റ് ഫയൽ ചെയ്യുന്നതും ഗവൺമെന്റാണ്. എന്നാൽ ഗവൺമെന്റ് ഈ നിധിയിലേക്ക് വിഹിതം നൽകുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കു കയാണ്. ഗവണ്മെന്റ് ചെറിയ ശതമാനം തുക ഈ ക്ഷേമനിധി ബോർഡിന്റെ കോർപ്പസ് ഫണ്ടിലേയ്ക്ക് കോൺട്രിബ്യൂട്ട് ചെയ്യണം. സിവിൽ കോടതികളിലും ക്രിമിനൽ കോടതികളിലുമാണ് ഏറ്റവും കൂടുതൽ കേസ്സുകൾ ഫയൽ ചെയ്യപ്പെടുന്നത്. ഗസറ്റ് നോട്ടിഫിക്കേഷനിൽ other than civil and criminal courts എന്ന് എഴുതിവച്ചിരിക്കുന്നത് Kerala Court Fees and Suit Valuation Act-ലെ സെക്ഷൻ 76 (1) ഭേദഗതി ചെയ്ത് delete ചെയ്താൽ civil and criminal courts-ൽ നിന്ന് ഫയൽ ചെയ്യുന്ന കേസ്സുകൾക്കുകൂടി അഡീഷണൽ കോർട്ട് ഫീ ലഭ്യമാകും. അത് നല്ലൊരു വരുമാന മാർഗ്ഗമായി മാറും. അക്കാഡമിക് ബ്രില്യന്റ് ആയിരിക്കുകയും ശാരീരിക അസ്വസ്ഥതയോ മറ്റ് കാരണങ്ങളോകൊണ്ട് കോടതിയിൽ പോകാൻ പറ്റാതെ പിരിഞ്ഞുപോകുകയും ചെയ്യുന്ന അഭിഭാഷകർക്ക് കൊടുക്കുന്ന തുകയാണ് വെൽഫയൽ മെഷർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ആനുകൂല്യം ഇടയ്ക്ക് ജോലി കിട്ടി പ്രാക്ടീസ് നിർത്തിപ്പോകുന്നവർക്ക് നൽകുന്നത് നിർത്തലാക്കിയത് നല്ല കാര്യമാണ്. അതുപോലെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം കൂടി സർക്കാർ

ഒരുക്കിക്കൊടുക്കണം. സർക്കാർ ഒരു കക്ഷി എന്ന നിലയിൽ, അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പിലേയ്ക്ക് പൈസ അടയ്ക്കാതെ ഒരു വർഷം സേവ് ചെയ്തുകിട്ടുന്ന തുകയുടെ നിശ്ചിതശതമാനം വിഹിതമായി കോർപ്പസിലേയ്ക്ക് നൽകുന്നത് റിട്ടയർ ചെയ്തുപോകുന്നവർക്ക് കൃത്യമായി പണം കൊടുക്കാൻ ഉപകാരപ്രദമായിരിക്കും.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): അഭിഭാഷക സമൂഹത്തെയാകെ കണ്ടുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നത്. കാലഘട്ടത്തിന് അനുയോജ്യമായി വരുത്തേണ്ട ഭേദഗതികളെക്കുറിച്ച് ആലോചിക്കുന്നതാണ്. അസ്വസ്ഥത കൊണ്ടോ മറ്റ് കാരണങ്ങളാലോ ഇടയ്ക്ക് വച്ച് റിട്ടയർ ചെയ്തു പോകേണ്ടിവരുന്ന അഭിഭാഷകർക്ക് ആനുകൂല്യങ്ങൾ കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഡിപ്പെന്റൻസിന് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് ആവശ്യമെങ്കിൽ ഔദ്യോഗിക ഭേദഗതി കൊണ്ടുവരുന്നതാണ്. അഡീഷണൽ കോർട്ട് ഫീ, ലീഗൽ ബെനിഫിറ്റ് ഫണ്ട്, ഗവൺമെന്റ് കോൺട്രിബ്യൂഷൻ തുടങ്ങിയവ സംബന്ധിച്ച് ക്രിയേറ്റീവായ നിർദ്ദേശങ്ങളാണ് വന്നിട്ടുള്ളത്. ഓരോ വർഷവും 14285 രൂപ നിരക്കിൽ ആകെ 5 ലക്ഷം രൂപ നൽകുന്ന രൂപത്തിലുള്ള മാറ്റം ഷെഡ്യൂളിൽ വരുത്തിയിട്ടുണ്ട്. ഈ ബിൽ ഫലപ്രദമാക്കാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

106, 107 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>4-ാം വകുപ്പ്</u>

112,113 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>5-ാം വകുപ്പ്</u>

115,116 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

115-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

115. In section 11 (hh) proposed to be inserted in the principal Act by clause 5 before the word ‘issue’ insert the following ‘on request’.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>6-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

117. In Section 14 (3) proposed to be inserted in the principal Act by clause 6 after the word “Association” insert the following “with proper acknowledgement”.

141. In sub-section (3) of section 14 of the principal Act, proposed to be inserted by clause 6, for the words “in active practice” the words, “in actual practice” shall be substituted;

142. In the proviso to sub-section (4) of section 14 of the principal Act, proposed to be inserted by clause 6, for the words “is actively practicing” the words, “is having actual practice” shall be substituted;

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>7-ാം വകുപ്പ്</u>

121, 122 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

143. in sub-section (1a) of section 15 of the principal Act, proposed to be inserted by clause 7 (i), for the sub-section number “(1a)” the number “(1A)” shall be substituted;

144. In clause 7 (ii),-

(a) for the brackets and figures, “(1a)” and “(1b)”, the brackets and figures “(1A)” and “(1B)” shall, respectively be substituted;

(b) in sub section (1B) of section 15 of the principal Act proposed to be inserted, for the words “for the Fund” the words “from the Fund” shall be substituted;

145. In sub-section (13) of section 15 of the principal Act, proposed to be inserted by clause 7 (vii) after the existing words, the words “unless he is not eligible for or not availed of any kind of retirement benefits for the service under the Central or State Government or any Public or Private Sector Undertaking” shall be added.

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>8-ാം വകുപ്പ്</u>

123, 125, 126, 127, 128, 131, 135, 136, 138 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

146. In clause (i) of sub-section (4) of section 16 of the priincipal Act, proposed to be inserted by clause 8 (iv) (a), for the words "three years" the words “two years” shall be substituted;

147. In sub-section (8) section 16 of the principal Act, proposed to be inserted by clause 8 (vi),-

(a) for the word “on” appearing after the words “Bar Council” the word “of” shall be substituted.

(b) In the proviso, for the words “no nominee” the words “no such nominee” shall be substituted.

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>9-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

In Section 18 of the principal Act, -

(i) for the words "Bar council" the words "Trustee committee" shall be substituted;

(ii) in clause (b), after the words "and their dependents", the words "a maximum amount of five thousand rupees" shall be inserted.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

<u>1-ാം വകുപ്പും പീഠികയും പേരും</u>

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

140. for sub-clause (2) of clause 1, the following shall be substituted, namely:-

"(2) Clause (i), (II) and (vii) of section 7, section 8 and clause (i) of section 9 of this Act shall come into force at once and the remaining provisions shall be deemed to have come into force on the 10th day of June 2008".

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കി.

സഭ വൈകുന്നേരം 7.00 മണിക്ക് പിരിഞ്ഞു.